
# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 14 / Issue 12
December 2023

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)




Merry Christmas
& HAPPY NEW YEAR


തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന
ഡീക്കൻമാർക്ക്
ആശംസകൾ
മാനന്തവാടി രൂപതാ കുടുംബം
26 Dec
2023
9:15 am
DN. EMMANUEL (ABHISHEK)
Kandathinkara
DN. EMMANUEL (RINSON)
Nellimalayil
St. Mary's Forane Church Mullenkolly
27 Dec
2023
9:15 am
DN. LOUIS
Thuruthiyil
Holy Cross Major Archiepiscopal
Pilgrim Church, Nadavayal
28 Dec
2023
9:15 am
DN. VARGHESE (ANNET )
Kochumalayil
St Sebastian's Church
Palankara


തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന
ഡീക്കൻമാർക്ക്
ആശംസകൾ
മാനന്തവാടി രൂപതാ കുടുംബം
30 Dec 2023 9:15 am
DN. THOMAS (AMAL) Mulangattil
Fathima Matha Church Thenery
01 Jan 2024 9:15 am
DN. THOMAS (AMAL) Manthrickal
DN. JUDE Vattakkunnel
St Vincent De Paul Forane Church, Kalpetta

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;<br>അവിടുന്ന് നിങ്ങളോടും<br>ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 14 ഡിസംബർ 2023 ലക്കം 12**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


| | |
|---|---|
| *സർക്കുലർ.......................................................................* | *9* |
| *രൂപതാ കച്ചേരി വാർത്തകൾ...................................................* | *14* |
| *അൾത്താരബാലന്മാരുടെ ക്യാമ്പ്..........................................* | *16* |
| *മതബോധനരംഗം .........................................................* | *17* |
| *ചെറുപുഷ്പ മിഷൻലീഗ്.........................................................* | *19* |
| *Department of Youth Ministry .........................................* | *28* |
| *കെ.സി.വൈ.എം...............................................................* | *30* |
| *കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി...................................* | *37* |
| *കുടുംബപ്രേഷിതത്വം.........................................................* | *40* |
| *ലോഗോസ് ക്വിസ്...............................................................* | *49* |
| *സീയോൻ വാർത്ത..............................................................* | *51* |
| *വിൻസെന്റ് ഡി പോൾ സൊസൈറ്റി....................................* | *53* |
| *സാമൂഹ്യ സേവനരംഗം (WSSS)...........................................* | *55* |
| *ജീവസ് & കെ.എൽ.എം ……………...................................* | *62* |
| *നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി...............................* | *64* |
| *ബയോവിൻ അഗ്രോ റിസർച്ച്................................................* | *68* |
| *റേഡിയോ മാറ്റൊലി ..........................................................* | *72* |
| *Mary Matha Arts & Science College...............................* | *74* |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ...................................* | *77* |
| *ബിഷപ്സ് പ്രോഗ്രാം ...........................................................* | *87* |

No. 3964/K-5/KCBC/OL/DS
17.10.2023

## ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണമാസമായും, ഈ വർഷം ഡിസംബർ 17 ''ബൈബിൾ ഞായറായും'' കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതു സിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022–2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6–ാം അധ്യായം അടിസ്ഥാനമാക്കി ''ജീവന്റെ അപ്പം: വചനവും വിരുന്നും'' (6, 27–69) പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

I. യോഹന്നാൻ 6:35 ''ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല''. യേശുവുമായുള്ള സമ്പർക്കത്തിന്റെ രണ്ട് തലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ ''വരുക'', ''വിശ്വസിക്കുക'' എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാഷണം വഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവിടത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കോദേമോസും, (യോഹ. 3) ദാഹാർത്ഥയായ സമരിയാക്കാരി സ്ത്രീയും (യോഹ.4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ

അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6:51: ''സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു''. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്ത് ''ജീവന്റെ അപ്പ''-മെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് ''ജീവന്റെ അപ്പം'' എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും ''ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?'' (6:60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത് (6:66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III. ''കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു'' (6:68-69). തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6:63). താൻ ജീവന്റെ അപ്പമാണെന്നും

തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്ന വന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽ സൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ.

ദിവ്യകാരുണ്യകൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെ തന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനനിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ഒഴിഞ്ഞകുടവുമായി ജലം തേടിവന്ന സമരിയാക്കാരി സ്ത്രീ, യേശു വചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4:28-29) ഓടിയത് തന്റെ ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ്പാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെ സന്തോഷം EG. 120).

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണ കാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി. ഒ. സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയ നിയമപഠനബൈബിൾ 2021-ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര - ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന

വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരള സഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നരമണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി. ബി. സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂ

ഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണ യജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും ''പ്രേഷിതശിഷ്യരാകാനും'' നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**

(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

NB: 2023 ഡിസംബർ 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഡിസംബർ 7 ന് ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചന്റെയും ഡിസംബർ 18 ന് ബഹു. ജോസഫ് നന്ദിക്കാട്ടുകണ്ടത്തിൽ അച്ചന്റെയും ഒന്നാം ചരമവാർഷികമാണ്. ഡിസംബർ 24 ന് ബഹു. അഗസ്റ്റിൻ കീലത്തച്ചന്റെയും ഡിസംബർ 25 ന് ബഹു. ലെയോ പോൾഡ് മഠത്തിനകം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർക്കാം.

**ബൈബിൾ ഞായർ**

ഡിസംബർ 17 ഞായറാഴ്ച ബൈബിൾ ഞായറായി കേരള സഭ ആചരിക്കുകയാണല്ലോ. ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ ബൈബിൾ വായിക്കുവാനും ധ്യാനിക്കുവാനും പ്രോത്സാഹനം നൽകാം.

**കൂരിയ അവധി**

ഡിസംബർ മാസം 24 മുതൽ ജനുവരി 4 വരെ രൂപത കച്ചേരി അവധിയായിരിക്കും.

**പൗരോഹിത്യം സ്വീകരിക്കുന്നവർ ( 2023-2024)**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ ഇമ്മാനുവൽ നെല്ലിമലയിൽ (റിൻസൻ), ലൂയിസ് തുരുത്തിയിൽ, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ ഇമ്മാനുവൽ കണ്ടത്തിൻകര (അഭിഷേക്), തോമസ് മന്ത്രിക്കൽ (അമൽ), തൃശ്ശൂർ മേരിമാതാ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ വർഗീസ് കൊച്ചുമലയിൽ (അനറ്റ്), ജൂഡ് വട്ടക്കുന്നേൽ, കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തോമസ് മുളങ്ങാട്ടിൽ (അമൽ) എന്നിവർ ഡിസംബർ, ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്നു.

**തിരുപ്പട്ട സ്വീകരണത്തിന്റെ വിശദവിവരങ്ങൾ**

| തീയതി | പേരും വീട്ടുപേരും | സ്ഥലം | സമയം |
|---|---|---|---|
| 2023 ഡിസം.26 ചൊവ്വ | ഡീ. ഇമ്മാനുവൽ കണ്ടത്തിൻകര (അഭിഷേക്) & ഡീ. ഇമ്മാനുവൽ നെല്ലിമലയിൽ (റിൻസൻ) | മുള്ളംകൊല്ലി | രാവിലെ 9:15 |
| 2023 ഡിസം.27 ബുധൻ | ഡീ. ലൂയിസ് തുരുത്തിയിൽ | നടവയൽ | രാവിലെ 9:15 |
| 2023 ഡിസം. 28 വ്യാഴം | ഡീ. വർഗീസ് കൊച്ചുമലയിൽ (അനറ്റ്) | പാലാങ്കര | രാവിലെ 9:15 |
| 2023 ഡിസം.30 ശനി | ഡീ. തോമസ് മുളങ്ങാട്ടിൽ (അമൽ) | തെനേരി | രാവിലെ 9:15 |
| 2024 ജനു. 1 തിങ്കൾ | ഡീ. ജൂഡ് വട്ടക്കുന്നേൽ & ഡീ. തോമസ് മന്ത്രിക്കൽ (അമൽ) | കൽപ്പറ്റ | രാവിലെ 9:15 |

**New Appointment:**

Rev. Fr. Prakash Vettickal: Vicar, St. George Church, Thrissilery

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

# അൾത്താര ബാലൻമാരുടെ ക്യാമ്പ്

ഈ വർഷം 9,10, 11,12 ക്ലാസുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേക്ക് കടന്നുവരുവാൻ താല്പര്യമുള്ള അൾത്താര സംഘത്തിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ ആൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു ക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. വൈദികജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും.

2023 ഡിസംബർ 26 ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 28 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും.

നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ മേഖലകളിൽ നിന്നുള്ളവർക്കായി 2023 ഡിസംബർ 29 വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണിവരെ മണിമൂളിയിൽ വച്ച് ക്യാമ്പ് നടത്തപ്പെടുന്നു.

ഈ ക്യാമ്പുകളിലേക്ക് 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

NB: ക്യാമ്പിന് വരുന്നവർ നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് ആർട്ടിക്കിൾസ്, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
റെക്ടർ, മൈനർ സെമിനാരി

## മതബോധനരംഗം

പ്രിയപ്പെട്ടവരെ,

ഉണ്ണീശോയുടെ ജനനം അനുസ്മരിക്കുന്ന ക്രിസ്തുമസിനുള്ള ഒരുക്കങ്ങൾ നാം ആരംഭിച്ചു കഴിഞ്ഞല്ലോ.

രക്ഷ എന്നത് ദൈവം നമുക്ക് നൽകുന്ന ദാനവും സമ്മാനവുമാണ്. ഒരു മനുഷ്യന് സ്വയമേവ അവന്റെ രക്ഷകനാകുവാൻ കഴിയുകയില്ല. അതുകൊണ്ടുതന്നെ ഈശോ രക്ഷകനായി അവതരിച്ചത് നമ്മെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷദായകമാണ്. ഈശോ പറയുന്നുണ്ടല്ലോ 'ഞാനും പിതാവും ഒന്നാണ്. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' എന്ന്. ക്രിസ്തുവിനെ ദർശിക്കുന്നവന് ദൈവാനുഭവം സ്വന്തമാക്കാൻ കഴിയും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന മഹാ സുദിനമാണ് ഉണ്ണീശോയുടെ ജനനതിരുനാൾ. പുൽക്കൂട്ടിലെ ഉണ്ണീശോയെ ചൂണ്ടിക്കാണിച്ചു തന്ന യൗസേപ്പിതാവിനോടും,മാതാവിനോടും,ആട്ടിടയരോടുംചേർന്നുനിൽക്കേണ്ടവരാണ് വിശ്വാസ പരിശീലകരായ മതാധ്യാപകർ. ഉണ്ണിയെ സ്വീകരിക്കുവാൻ പുൽക്കൂട് ഒരുക്കുന്ന മക്കളെ അവരുടെ ഹൃദയം കൂടി ഒരുക്കുവാൻ സഹായിക്കുന്ന വലിയ ദൗത്യമാണ് അധ്യാപകരുടേത്. ഉണ്ണിയായി പിറന്ന ഈശോയെ സ്വീകരിക്കുവാനുള്ള വിമുഖത ആദ്യമകാലത്തും, ഇപ്പോഴുമുണ്ട്. മനുഷ്യനായി മന്നിലേക്ക് വന്നവന്റെ മഹത്വം മനസ്സിലാക്കാൻ സാധിക്കാത്ത മരവിച്ച മനസ്സാണ് ഇതിന്റെ കാരണം. വിശ്വാസത്തിന്റെ വാതിലിലൂടെ നോക്കുന്നവനേ രക്ഷകനായ ഈശോയെ തിരിച്ചറിയുകയുള്ളൂ. വിശ്വാസതാരകങ്ങളാകുന്ന മാതാപിതാക്കൾ, ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതർ, അധ്യാപകർ എന്നിവരിലൂടെ മന്നിതിൽ ഭൂജാതനായ ഉണ്ണിയേശുവിന്റെ പുൽക്കൂടിനരികിലേക്ക് നമുക്ക് എത്താം. സ്തുതികൾ ഏകാം, അവനെ മഹത്വപ്പെടുത്തി ആരാധിക്കാം. ഏവർക്കും ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു.

### പ്ലസ്‌വൺ, പ്ലസ് ടു വാർഷിക പരീക്ഷ (HCC 1 & 2)

ഈ വർഷത്തെ പ്ലസ് വൺ, പ്ലസ് ടു യൂണിവേഴ്സിറ്റി പരീക്ഷ 2024 ജനുവരി 28 -ാം തിയ്യതി ഞായറാഴ്ച പരീക്ഷാ കേന്ദ്രങ്ങളിൽ

വച്ച് നടത്തപ്പെടുന്നതായിരിക്കും. കുട്ടികളെ പരീഷാതീയതി മുൻകൂട്ടി അറിയിച്ച് സിലബസ് നല്കി ഒരുക്കി തുടങ്ങുമല്ലോ. വാർഷിക പരീക്ഷക്ക് ആദ്യ സെമസ്റ്ററിലെ പാർട്ട് 1 ലെ പാഠഭാഗങ്ങളിൽ നിന്നും 30 % ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അിറയിക്കുന്നതാണ്.

## Catechetical Teachers Enrichment Course winners

സീറോ മലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ വിശ്വാസ പരിശീലകരായ അധ്യാപകർക്കായി 2023 ജൂൺ മാസം നടത്തിയ ഓൺലൈൻ കോഴ്സിൽ പങ്കെടുത്ത് 110 അദ്ധ്യാപകർ Assignment രൂപതാ മതബോധന കേന്ദ്രത്തിൽ നല്കി. അവർക്ക് സീറോ മലബാർ കാറ്റകറ്റിക്കൽ കമ്മീഷൻ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റ് എല്ലാ ഇടവകകളിലും ലഭിച്ചിരുന്നല്ലോ. രൂപതാ മതബോധന കേന്ദ്രത്തിൽ ലഭിച്ച Assignment കളിൽ നിന്ന് രൂപതാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട് വിജയികളായവർ.

1. ശ്രീ. ഒ. പി അബ്രഹാം ഓണിശ്ശേരിയിൽ തൃശ്ശിലേരി
2. സി. എമിലി SH കല്ലുമുക്ക്
3. സി. റോസ് മേരി SCV മരക്കടവ്

കോഴ്സ് പൂർത്തിയാക്കിയവർക്കും, വിജയികൾക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ പ്രത്യേക അനുമോദനങ്ങൾ. വിജയികൾക്കുള്ള സമ്മാനം 2023 ഡിസംബർ 10 ന് നടക്കുന്ന HM കോൺഫ്രൻസിൽ നല്കുന്നതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

'ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിന്റെ മുമ്പേപോകും'.

(ലൂക്കാ 1:17) ഡിസംബർ ഒരുക്കത്തിന്റെ കാലഘട്ടമാണ്. ലോകരക്ഷകനെ സ്വീകരിക്കാനുള്ള ഒരുക്കം. 'സദ്വാർത്തയുടെ സന്തോഷവുമായി' എന്ന ആപ്തവാക്യവുമയി ഈ ഒരുക്കം നമുക്ക് ആരംഭിക്കാം. ആകുലതകളും അസ്വസ്ഥതകളും നിറഞ്ഞ ഈ വർത്തമാന കാലഘട്ടത്തിൽ ഹൃദയത്തിൽ സന്തോഷം നിറയ്ക്കാൻ പൊട്ടിച്ചിരിക്കാൻ മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ ആനന്ദിപ്പിക്കാൻ നമുക്ക് സദ്വാർത്തയുടെ വാഹകരായി മാറാം. അതിന് സ്നാപകനെ പോലെ ഈ സദ്വാർത്തയ്ക്ക് വഴിയൊരുക്കുന്നവരാകാൻ മിഷൻ ലീഗ് അംഗങ്ങൾക്ക് സാധിക്കട്ടെ. മംഗള വാർത്താക്കാലം മംഗളകരമാകട്ടെ. തിരുപ്പിറവിയുടെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

### സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപതയ്ക്ക് ഓവറോൾ കിരീടം

മൂവാറ്റുപുഴ വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തപ്പെട്ട ചെറുപുഷ്പ മിഷൻ ലീഗിന്റെ സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപത ഓവറോൾ ചാമ്പ്യന്മാരായി. സംസ്ഥാന സാഹിത്യമത്സരത്തിൽ ഒന്നാം സ്ഥാനവും കലാ മത്സരത്തിൽ മൂന്നാം സ്ഥാനവും നേടിക്കൊണ്ടാണ് തുടർച്ചയായി നാലാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് മാനന്തവാടി രൂപത കരസ്ഥമാക്കുന്നത്. രൂപതയിൽ നിന്ന് നൂറോളം മത്സരാർത്ഥികൾ പങ്കെടുത്തു. കോതമംഗലം രൂപത മെത്രാൻ മാർ ജോർജ് മഠത്തികണ്ടം പിതാവിൽ നിന്നും മാനന്തവാടി രൂപതാ ഭാരവാഹികളും ടീം അംഗങ്ങളും ട്രോഫി ഏറ്റുവാങ്ങി. വിജയികളെ മാനന്തവാടി രൂപത മെത്രാൻ മാർ ജോസ് പൊരുന്നേടം, സഹായമെത്രാൻ മാർ അലക്സ് താരാമംഗലം,

സിഞ്ചെല്ലൂസുമാരായ ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. തോമസ് മണക്കുന്നേൽ എന്നിവർ അഭിനന്ദിച്ചു. ഈ വലിയ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ നല്ല കരങ്ങളെയും ദൈവസന്നിധിയിൽ നന്ദിയോടെ സ്മരിച്ചുകൊണ്ട് അഭിനന്ദിക്കുന്നു. ശാഖാതലം മുതൽ മത്സരാർത്ഥികളെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ശാഖ മേഖല രൂപത തലങ്ങൾക്ക് അപ്പുറം സംസ്ഥാനതല മത്സരത്തിൽ പറഞ്ഞയക്കുകയും ചെയ്ത ബഹുമാനപ്പെട്ട അച്ചന്മാരെയും സിസ്റ്റേഴ്സിനെയും അധ്യാപകരെയും മിഷൻ ലീഗ് എക്സിക്യൂട്ടീവ് അംഗങ്ങളെയും മത്സരാർത്ഥികളുടെ പ്രിയപ്പെട്ട മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. ജൂൺ മാസം മുതൽ ആരംഭിച്ച ഒരുക്കങ്ങളും വിവിധ തലങ്ങളിലുള്ള മത്സരങ്ങളും പിന്നിട്ട് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്ത് എത്തിച്ചേരാൻ സഹായിച്ച ശാഖ, മേഖല, രൂപത എക്സിക്യൂട്ടീവ് ടീം അംഗങ്ങളെ നന്ദിയോടെ ഓർമിക്കുന്നു. 513 പോയിന്റുമായി നമ്മൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒരിക്കൽ കൂടി ഈ അഭിമാനകരമായ നേട്ടത്തിന് നമ്മുടെ രൂപതയെ അർഹരാക്കിയ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു തുടർന്നും എല്ലാ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു. രൂപതാ കലാമത്സത്തിൽ ഏറ്റവും കൂടുതൽ

**പോയന്റ് നേടിയ ശാഖകൾ:**

I പാലങ്കര, II കൊട്ടിയൂർ, II നടവയൽ, III പടിച്ചിറ

**സാഹിത്യ മത്സരം**

I കൊട്ടിയൂർ, II പാലങ്കര, III നടവയൽ

**ഓവർ ഓൾ**

I കൊട്ടിയൂർ, II പാലാങ്കര, III നടവയൽ

**ഓവർ ഓൾ നേടിയ മേഖലകൾ**

1. ചുങ്കക്കുന്ന് 2. മണിമൂളി 3. ബത്തേരി 3. മുള്ളൻകൊല്ലി

**കല** 1. മണിമൂളി 2. മുള്ളൻകൊല്ലി 3. ബത്തേരി

**സാഹിത്യ മത്സരം**

1. ചുങ്കക്കുന്ന്, 2.ബത്തേരി, 3. മണിമൂളി, 3. മാനന്തവാടി

**സംസ്ഥാന സാഹിത്യമത്സര വിജയികൾ**

**Sub.Junior Jalachayam** Alok Shan Edassery Kalathuvaya lB, Elseena Perumattikunnel Adakkathode C **Junior**

**Chithrarachana** IIIA Aldrin Shijo Pottananickal Meenagadi B Amaya Poonattu Kammna C **Senior Chithrarachana** Anagha Kottekudi Moolankavu IA Donfran Njattukala Porroor IIIA **Sup.Se.Girls Story** Evlin Puthenpurackal Marakavu A II, Jinsha Kootungal Pattanikoopa B **Su.Se.Boys Story** Shebin George Thumbasseri Deepthigiri IIIB, Santhosh Thengumpally Manimooly B.**Sup.Se.Girls Poem** Chrtisty Jose Vadakekara Ottaplavu AII, Ala Pallath Kallody A. **Sup.Se.Boys Poem** Aneesh Kulathinkkal, Cherukattoor IA, **Sup.Se.Girls Essay** Sheeja Kanjirakattu Kaniyaram A IIIA, Aniece Punnakattil Kavumannama A. **Sup.Se.Boys Essay** James Kochuvelikath Kottiyoor A, Shebin George Thumbassery DeepthigiriI A. **Senior girls story** Ancy Vayalil OndayangadiI IIIA, Dilna Maria Kalapurackal Chulliyode A **Senior Boys Story** Sachu Nedumpara Chulliyode C, Abhin Mathekkal Chulliyana C, **Senior Girls Poem** Bisona Mukulel Adakkathode IA, Angeleena Biju Munjatt Nadavayal A. **Senior Boys Poem** AjoRobert Mekkal Kaniyaram IIIA, Sam Mathew John Mundunadakal Kavumanam B. **Senior Girls Essay** Aleena Palamattam Thalpuzha A, Aleena Chiraouram Padamala A. **Senior Boys Essay** Adhi Jacob Thuruthiyil Kottiyoor A, Joyce Jose Plakoottathil Kottiyoor A. **Ju.Girls Story** Mariya Rosilin Choorakuzakuzhiyil Vadakkanad B, Ann Sunny Kunnath Padichira B. **Ju.Boys story** Thomas Anakkallil Chungakkunnu B, Navil Thottiyil Kurumani C. **Ju.Girls Poem** Siya Alphonse Poovakkunnel Meenagadi IIA, Anupama Malayil Chungakunnu IIIA. **Ju.Boys Poem** Riyon Thakarappillil Paralikunnu B, Selestin Kappyaraumalayil Karakkamala C. **Ju.Girls Essay** Alona Mittathani Mullankolly A, Nayana Muttapally Thariod A. **Ju.Boys Eassy** Siril Kallolickal Chungakunnu A, Adish Peykkal Palankara A.

**സംസ്ഥാന കലാമത്സര വിജയികൾ**

**Sub.Ju. Kathaprasangam** Alfiyona James Kochuvelikath Kottiyoor A , **Bible Reading Sub Jr.Boys** Noel Ernattu

Theneri IIIA, Rissible Sakkariya Roy Parackal Kottiyoor A, **Bible Reading Sub Jr. Girls** Siyona Theresa Edasseril Nadavayal IIIA, Alphy Anjalikkal Theneri A, **Speech Sub Jr.Boys** Diyon Kanjirathamkuzhiyi Kaniyaram A, Algin Kunnathu Chundakkara B, **Single Dance Sub Jr. Girls** Aksa Marakavu IA , Sara Kochuparambil Thalanji A, **Sangeetham Sub Jr.Boys** Nirmal Kottalikarottu Kunhome A, Benil Jose Pulikkal Payyampally B, Junior Kathaprasangam Angaleena Plavanakuzhi Arattuthara A I, **Quiz Junior Boys** Alan Jishi Puthenpurayil Kottiyoor II ANirmal Kokkandathil Dwaraka C, **Quiz Junior Girls** Amaya Kaniyodikkal Narivalamunda IIA, Liya Sauryamthadathil Moolankavu IIIA , **Dance Junior** Tiya Kattampallil Seethamount A, Libina Adavichira Ambalavayal A, **Speech Junior Boys** Ivin John Kundukulam Bathery A, Jobin Mattathumana Padichira B, **Speech Ju.Girls** Helna Arackal Chundakkara A, Adheya Perumkuzhi Kammana A **Sangeetham Junior Boys** Christphor Karuvanmaakkan Meenangadi A, Adon Vayalil Nadavayal A, **Sangeetham Ju.Girls** Jewel Panakkapathil Chungakunnu A, Behethseyba Nellikunnel Nadavayal A, **Quiz Senior Boys.** Joel Marangattil Puthussery A I, **Quiz Senior Girls** Rose Mariya Kanjirathummuttil Palankara A, Santhwana Mariya Chandanaparambil Meenagadi B, **Speech Senior Boys** Renuu Cherupambil Palankara A, Jessbin Jobi Kuzhikandathil Moolankavu A, **Speech Senior Girls** Irin Mary Vathakodath Nadavayal IA, Mariya Valiyaveettil Adakkathode A, **Sangeetham Senior Boys** Austin Chittanappilly A, Ajin Vayalil Nadavayal A, **Sangeetham Senior Girls** Anggelin Poykayil Kottathara A, Sanmariya Arakkakunnel Padichira A, **Senior Kathaprasangam** Mariya Valiyavettil Adakkathod. **Super Sr. Boys Quiz** Arun Cheradiyil Palankara IIA, Payas Arumayil Chokkad A. **Quiz Super Sr.Girls** Jilsa Mundamattamm Thelpara A, Varsha Kuthiravelil Thelpara B. **Speech Sup.Se.Boys** Shyiu

Madathil Kalathuvayal IIA, James Kochuvelikkath A, **Speech Super Sr.Girls** Babi Kanikkathadathil Marakavu A, Sunitha Kochuvelickkath Kottiyoor B, **Sangeetham Super Sr.Boys** Domanic Kunnumpuath Palankara A, Romal Madathiparambil Valavayal A, **Sangeetham Super Sr.Girls** Anjalin Panjikalyil S isumala IIIA, Nivethitha Puthenpurackal Adikolly A, **Group Song** Shajan Vayalumkal Kalpatta A, ParichaMuttu Saji Malayolikkal & party Padichira IIA, **Bible Scene** Robin Puthenpurackal & team Kaniyaram A, **Margam Kali** Ashna Melbin Tharapel & team Bathery A, **Missionanthem** Linju & team Charity A.

**സംസ്ഥാന കലാസാഹിത്യമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റ് ലഭിച്ച ശാഖകൾ**

**കൊട്ടിയൂർ 51, നടവയൽ 38, പാടിച്ചിറ 26**

**കയ്യൂന്നി**

സംഘടനാ ദിനത്തോടുകൂടി മിഷൻ മാസം ആരംഭിച്ചു. ഈ മാസത്തിന് ''ദൈവത്തിന്റെ മുഖം'' എന്ന് പേരു കൊടുത്തു. പതാക ഉയർത്തലും പതാക വന്ദനവും നടത്തി. മിഷൻ പിരിവ് സ്നേഹദൂത് എന്ന് പേരുകൊടുത്ത് മിഷൻ ഞായർ വളരെ ഭംഗിയായി കയ്യൂന്നി ശാഖ നടത്തി പ്ലക്കാർഡ് നിർമ്മാണവും, അർദ്ധദിന സെമിനാറും, ഗ്രൂപ്പ് അടിസ്ഥാനത്തിൽ മിഷൻ റാലിയും, മിഷൻ ചെപ്പ് ഉദ്ഘാടനവും നടത്തി. എല്ലാദിവസവും 5.30 ന് ഉള്ള ജപമാലയിൽ കുട്ടികൾ ഗ്രോട്ടോയിൽ പങ്കുചേർന്നു

**തോമാട്ടുചാൽ**

മിഷൻ ലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചു ത്രേസ്യായുടെ തിരുനാൾ സഘോഷം കൊണ്ടാടി. അന്നേ ദിവസം കൊച്ചു ത്രേസ്യാ നാമധാരികൾക്ക് അശംസകളർപ്പിക്കുകയും അസാധാരണസമ്മേളനം കൂടുകയും ചെയ്തു. ഒക്ടോബർ 2-ാം തീയതി വി. കുർബാനയ്ക്കുശേഷം അഖണ്ഡ ജപമാല നടത്തി മിഷൻലീഗ് മുൻകാല പ്രവർത്തകരെ ആദരിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. ഇടവകയിലെ രോഗികളെ സന്ദർശിക്കുകയും അവരുമായി സ്നേഹ സംഭാഷണം

നടത്തുകയും ചെയ്തു. ദൈവവിളി ദിനത്തിൽ ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ചവർക്ക് അശംസകൾ അർപ്പിച്ചു. വയനാട് മെഡിക്കൽ കോളേജിലെ രോഗികൾക്ക് ഭക്ഷണം ഉണ്ടാക്കുകയും വിതരണം ചെയുകയും ചെയ്തു. സെമിനാരി സന്ദർശനം നടത്തി. കുട്ടികൾക്കായുള്ള സെമിനാർ നടത്തി. മുദ്രാവാക്യമത്സരം നടത്തി. പഴൂർ വൃദ്ധ സദനം സന്ദർശിച്ചു. അവർക്കു വേണ്ടി കലാപരിപാടി കൾ അവതരിപ്പിച്ചു.

**പുഴമുടി**

കൊന്തയും മെഴുകുതിരിയും ഉണ്ടാക്കി പഞ്ചാബ് മിഷന് സഹായിച്ചു. ഒരു രോഗിക്ക് പാലിയേറ്റീവിൽ നിന്ന് കട്ടിൽ കൊണ്ടു പോയി കൊടുത്തു. കൽപ്പറ്റ മേഖല നടത്തിയ പഞ്ചാബ് മിഷനെ പരിചയപ്പെടുത്തൽ പരിപാടിയിൽ ശാഖാ അംഗങ്ങൾ പങ്കെടുത്തു. രൂപത മിഷൻ മാസ ഉദ്ഘാടനം - കൊടി ഉയർത്തൽ പുഴമുടി യിൽ വച്ച് നടന്നു. ഭവന സന്ദർശനം, രോഗി സന്ദർശനം, ഭവന നിർമ്മാണ സഹായം, ഭക്ഷണസഹായം, ബൈബിൾ ഉണ്ടാക്കുന്നതിന് വേണ്ടി പേപ്പർ കളക്ഷൻ, വിവാഹ സഹായം, സിമിത്തേരി സന്ദർശനം, ഇസ്രാ യേൽ - ഗാസ സമാധാന ഉപവാസം, സേവന ദിനം, പെരുന്നാൾ സ്റ്റാളിലേക്ക് വേണ്ട ചെടിനടിയിൽ, വസ്ത്ര സഹായം, രൂപത യുടെ മിഷൻ പ്രവർത്തനത്തിന് ധനസഹായം, (ലിങ്കു) വഴിയായി. റോമിൽ നടന്ന സിനഡിന്റെ വിജയത്തിനായി പ്രാർത്ഥന, സുകൃത ജപം, ജപമാല നേതൃത്വം, 31 ദിവസവും പതാക വന്ദനം, കൊച്ചു ത്രേസ്യയുടെ ജീവിതം ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ, ചിത്ര രചനകൾ, നവമാലിക ക്വിസ്, കൊച്ചു ത്രേസ്യാ ഫാൻസി ഡ്രസ്സ്, ഈ പരിപാടികളിലും പങ്കെടുത്തു.

**തൃശ്ശിലേരി**

ഒക്ടോബർ ഒന്നാം തിയ്യതി മിഷൻ മാസ ആചരണത്തിന് തുടക്കം കുറിച്ചു കൊണ്ട് തിരിതെളിക്കുകയും വി. കൊച്ചുത്രേസ്യാ യുടെ രൂപം അലങ്കരിക്കുകയും പതാക ഉയർത്തുകയും ചെയ്തു. വചനം പങ്കുവെക്കൽ ആരംഭിച്ചു. കൊച്ചുത്രേസ്യാ നാമധാരികളെ ആദരിച്ചു. അംഗത്വ നവീകരണം നടത്തി. മിഷൻ ലീഗ് അംഗങ്ങൾ ക്കായി അടിക്കുറിപ്പു മത്സരം, ചിത്ര രചനാ മത്സരം, മുദ്രാവാക്യരചനാ മത്സരം മിഷൻ ക്വിസ് മത്സരം, ഇടവക ക്വിസ് മത്സരം, അനുഭവ

കുറിപ്പ് മത്സരം, പോസ്റ്റർ നിർമാണ മത്സരം, മിഷൻ ലീഗ് പതാക നിർമാണ മത്സരം തിരു ബാലസംഖ്യം കുട്ടികൾക്കായി കഥ പറയൽ മത്സരം, പ്രസംഗ മത്സരം, ലഹരി വിരുദ്ധ പോസ്റ്റർ നിർമാണ മത്സരം, ജപമാല നിർമാണ മത്സരം തുടങ്ങിയവ നടത്തി. ഒക്ടോബർ 13-ാം തീയതിമുതൽ 10 ദിവസം നീണ്ടു നിൽക്കുന്ന ആഘോഷ പൂർവക മായ ജപമാലക്ക് തുടക്കം കുറിച്ചു. 15-ാം തിയ്യതി എല്ലാ മിഷൻ ലീഗ് അംഗങ്ങളും മതാധ്യാപകരുടെയും നേതൃത്വത്തിൽ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും മിഷൻ കലണ്ടർ വിതരണം ചെയ്യുകയും മിഷൻ പിരിവ് നടത്തുകയും ചെയ്തു. മിഷൻ ഞായറി നോടനുബന്ധിച്ച അസാധാരണ സമ്മേളനം നടത്തി. മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഭാരവാഹികളും മതാധ്യാപകരും ചേർന്ന് കാട്ടി ക്കുളം കരുണാഭവൻ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.

**കൊട്ടിയൂർ**

മിഷൻമാസത്തിന്റെ ഭാഗമായി വി. കൊച്ചുത്രേസ്യയുടെ ആൽബം നിർമ്മാണം, അംഗത്വ നവീകരണം, സ്വീകരണം, രോഗീ സന്ദർശനങ്ങൾ, മിഷൻ റാലി എന്നീ പ്രവർത്തനങ്ങൾ നടത്തി. ബൈബിൾ കലോത്സവത്തിൽ മേഖലാ തലത്തിൽ ഒന്നാം സ്ഥാനവും, രൂപത തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**മൺവയൽ**

ഒക്ടോബർ 1 വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോട് അനുബന്ധിച്ചും മിഷൻ മാസാരംഭം ജപമാല മാസാരംഭം എന്നി വയാലും സന്തോഷവും ആനന്ദവും നിറഞ്ഞതായിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കൊച്ചുത്രേസ്യയുടെ രൂപം ഒരുക്കി പതാക ഉയർത്തി മിഷൻ മാസ ത്തിന് ആരംഭം കുറിച്ചു. അന്നേദിവസം ലഹരി ക്വിസ് ഗ്രൂപ്പ് അടി സ്ഥാനത്തിൽ നടത്തി. ഇടവകയിലെ കുടുംബ കൂട്ടായ്മയിൽ മരിയൻ ക്വിസ് നടത്തി, മിഷൻ ലീഗ് കുട്ടികൾ എല്ലാവരും അതിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. മിഷൻ ഞായർ ഒരുക്ക മായി ശാഖയിൽ ദിവ്യകാരുണ്യ ആരാധന നടത്തി. മിഷൻ ഞായ റിനോട് അനുബന്ധിച്ച് അംഗത്വ നവീകരണം, ആഘോഷപര മായി മിഷൻ റാലി, വചന ട്രീ അലങ്കാരം, മിഷൻ ക്വിസ് എന്നിവ നടന്നു.

**പുതിയിടംകുന്ന്**

വി. കൊച്ചുത്രേസ്യയെക്കുറിച്ചുള്ള ക്വിസ് നടത്തി. അംഗത്വ നവീകരണം നടത്തി. ദേവായത്തിലും കപ്പേളകളിലും ഭവനങ്ങളിലും പതാക ഉയർത്തി. സിമിത്തേരിയും കപ്പേളകളും ക്ലീനിങ്ങ് നടത്തി. ഭവനനിർമ്മാണ സഹായം നൽകി. പിതൃദിനം ആദരിച്ചു. യുവജന ങ്ങളെ ആദരിക്കുകയും അഭിമുഖ സംഭാഷണം നടത്തുകയും ചെയ്തു. ഓട്ടോ ഡ്രൈവർമാരെ ആദരിച്ചു. അമ്മമാരെ ഭവനങ്ങ ളിലും പ്രാർത്ഥനാ കൂട്ടായ്മയിലും ആദരിച്ചു. ലഹരി വിരുദ്ധ ദിന ത്തോടനുബന്ധിച്ച് കൊളാഷ് നിർമ്മാണവും പോസ്റ്റർ നിർമ്മാ ണവും നടത്തി. ഇസ്രായേലിൽ നടക്കുന്ന യുദ്ധത്തിനെതിരായി വീടുകളിൽ തിരികൾ തെളിച്ച് പ്രാർത്ഥിച്ചു. വൃദ്ധരായ മാതാപി താക്കളെ ആദരിച്ചു.

**കേളകം**

മിഷൻ ലീഗിന്റെ നേതൃത്വത്തിൽ വ്യക്തിത്വ വികസനം എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ നടത്തി. വചന കൂടാരം നിർമ്മിച്ചു. കൊച്ചുത്രേസ്യ നാമധാരികളെ ആദരിക്കുകയും മണിപ്പൂ രിന് വേണ്ടി ജപമാല ചൊല്ലുകയും ചെയ്തു. രോഗികളെ സന്ദർ ശിക്കുകയും, പൊതിച്ചോറ് വിതരണം ചെയ്യുകയും സെമിത്തേരി സന്ദർശിക്കുകയും ചെയ്തു. ഇടവകാതലത്തിൽ മിഷൻ ക്വിസ് സംഘടിപ്പിച്ചു.

**ചുങ്കക്കുന്ന് മേഖല**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതി നൽകുന്ന 2022-23 വർഷത്തെ ഗോൾഡൻ സ്റ്റാർ പുരസ്കാരം കരസ്ഥമാക്കി. മിഷൻ മാസത്തിന്റെ ഭാഗമായി മിഷൻ കിറ്റ് വിതരണം, ഫ്ളാഗ് സ്റ്റാറ്റസ്, കൊച്ചുത്രേസ്യ രൂപാലങ്കാര മത്സരം, മിഷൻ ഗ്രാമത്തിനായി അഖണ്ഡ ജപമാല എന്നീ പ്രവർത്തനങ്ങൾ നടത്തി. രൂപതാ ബൈബിൾ കലോത്സവത്തിൽ കലാ-സാഹിത്യ മത്സരത്തിൽ ഒന്നാം സ്ഥാനവും, കലാ മത്സരത്തിൽ ഒന്നാം സ്ഥാനവും, സാഹിത്യ മത്സരത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സംസ്ഥാന സാഹിത്യ മത്സരത്തിൽ മേഖല അഭിമാനകരമായ നേട്ടം കൈ വരിച്ചു.

**ശ്രദ്ധിക്കാൻ:-** നവംബർ 26-നവമാലികക്വിസ് നടത്തിയ ശാഖ കൾ ലിസ്റ്റ് മേഖലയിൽ ഏൽപ്പിക്കേണ്ട അവസാന തീയ്യതി. ഡിസം

ബർ 3 നവമാലികകിസ്സ് മേഖലയിൽ. ഡിസംബർ 10 അർദ്ധ വാർഷിക മാനേജ് കമ്മിറ്റി ദ്വാരകയിൽ. 2 pm to 6 pm. 2024 ജനുവരി 2 നവമാലിക കിസ്സ് രൂപതയിൽ.

പ്രിയ പ്രേക്ഷിതരെ, അനേകരുടെ പ്രാർത്ഥനയും തീഷ്ണത നിറഞ്ഞ ഒരുക്കത്തോടെയും സംസ്ഥന കലാ മത്സരത്തിന് തിരശ്ശീല വീണപ്പോൾ, രണ്ടാം തവണയും ചെറുപുഷ്പ മിഷൻ ലീഗ് മാനന്ത വാടി രൂപത ഓവറോൾ ചാമ്പ്യന്മാരായി ഒന്നാമതെത്തികൊണ്ട് ചരിത്രത്തിന്റെ ഭാഗമായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശാഖ, മേഖല, രൂപത ഭാരവാഹികളെ അഭിനന്ദിക്കുന്നതോടൊപ്പം ഹൃദയ നിറവിൽ നിന്നുള്ള നന്ദിയും അറിയിക്കുന്നു. പ്രവർത്തനങ്ങളാൽ സമ്പുഷ്ടമാണ് ചെറുപുഷ്പ മിഷൻ ലീഗ്. അതുകൊണ്ടുതന്നെ വരും മാസങ്ങളിൽ നിരവധിയായ പ്രവർത്തനങ്ങളുമായി നമുക്കൊന്നു ചേർന്ന് ക്രിസ്തുമസിനെയും പുതുവർഷത്തെയും വരവേൽക്കാം.

ഏവർക്കും ഹൃദയം നിറഞ്ഞ ക്രിസ്മസ് പുതുവത്സരാശംസകൾ നേരുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ജപമാല റാണി**

ജപമാല മാസമായ ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയെ പ്രകീർത്തിച്ചുകൊണ്ട് 'ജപമാല റാണി' എന്ന പേരിൽ ഷോർട്ട് വീഡിയോസ് നിർമ്മിച്ച് പ്രസിദ്ധപ്പെടുത്തി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ നേതൃത്വം നൽകിയ ഈ വീഡിയോസ് വാട്സ് ആപ്പ് സ്റ്റാറ്റസ് ആയി ഉപയോഗിക്കുകയും മറ്റ് സാമൂഹ്യ മാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. ജപമാല റാണിയോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമായി.

**ലൈഫ് ട്രെയിനിങ്ങ്**

2023 നവംബർ പത്താം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ നവംബർ പതിനൊന്നാം തീയതി ശനിയാഴ്ച നാലു മണിവരെ ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് ലൈഫ് ട്രെയിനിങ് പരിശീലനം നടന്നു. 7, 8, 9, 10, 11 ക്ലാസുകളിലെ 42 വിദ്യാർത്ഥികൾ ഈ പരിശീലനത്തിൽ പങ്കുചേർന്നു. വെള്ളിയാഴ്ച ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസുകൾ നയിച്ചു. വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട് നയിച്ച ക്ലാസുകൾ ടൈംടേബിൾ ക്രമീകരിക്കുവാനും ജീവിതത്തെ ക്രമപ്പെടുത്തുവാനും വിദ്യാർത്ഥികൾക്ക് സഹായക മായി. സി. ഡീന റോസ് സി.എം.സി വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകി.

ശനിയാഴ്ച ക്ലാസ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. മെൽവിൻ കപ്യാരുമലയിൽ ദ്വാരക ഗണിത വിഷയത്തിലും, ബെനഡിക്ട് മോളോപറമ്പിൽ കെമിസ്ട്രി വിഷയ ത്തിലും, ഡൊണാൾഡ് കണിയാരം ഫിസിക്സ് വിഷയത്തിലും ക്ലാസുകൾക്ക് നേതൃത്വം നൽകി. ക്ലാസുകൾ നയിച്ച അധ്യാപ കർക്കും പങ്കെടുത്ത വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ. ലൈഫ് ട്രെയിനിങ് ക്യാമ്പിന് ഫാ. ലാൽ ജേക്കബ്, സി. ആൻസി തോമസ് സി.എം.സി, സി. ഡീന റോസ് സി.എം.സി എന്നിവർ നേതൃത്വം നൽകി.

**അനുഭവം പങ്കുവെക്കൽ**

ലൈഫ് ട്രെയിനിങ് 2017 ലെ സീനിയർ വിദ്യാർത്ഥികളായ അലൻ ജോർജ് നടവയൽ, ആൻസൺ പോൾ കൽപ്പറ്റ എന്നിവർ 2023 നവംബർ പതിനൊന്നാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ രണ്ടു മണി വരെ ലൈഫ് വിദ്യാർത്ഥികളോട് തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. ഉപരിപഠനത്തിനായി വിദൂരങ്ങളിലേക്കും വിദേശങ്ങളിലേക്കും ചേക്കേറുമ്പോൾ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽ ലൈഫ് ട്രെയിനിങ് എപ്രകാരം അവർക്ക് കരുത്ത് പകർന്നു എന്ന് വിവരിച്ചപ്പോൾ അത് വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനമായി. തുടർ പഠന മേഖലകളിലേക്ക് കടന്നുപോകുന്ന സീനിയർ ലൈഫ് വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**അറിവു നേടാൻ ഒത്തു ചേരൽ**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ പഠന ഭാഗമായി അനുദിനം രാത്രി ഏഴുമണി മുതൽ 10 മണി വരെയുള്ള സമയത്ത് അനുദിന ക്വിസ് നടക്കുന്നു. ഓൺലൈനായി നടക്കുന്ന ഈ ക്വിസിനു നേതൃത്വം നൽകുന്നത് ഡിലൻ മാത്യു സുഭാഷ്, എയ്ഞ്ചൽ മരിയ ജോയ്സൺ, എന്നീ വിദ്യാർത്ഥികളാണ്. ക്വിസ്സിന് നേതൃത്വം നൽകുന്ന 2021 ബാച്ചിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**രക്ഷാകർതൃ യോഗം**

2023 നവംബർ പതിനൊന്നാം തീയതി ശനിയാഴ്ച മൂന്നുമണി മുതൽ നാലര വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് 7, 8, 9 ക്ലാസിലെ ലൈഫ് വിദ്യാർത്ഥികളുടെ രക്ഷാകർതൃ യോഗം നടന്നു. 48 മാതാപിതാക്കൾ പ്രസ്തുത യോഗത്തിൽ പങ്കുചേർന്നു. വിദ്യാർഥികളുടെ പഠനനിലവാരം, ജീവിതശൈലികൾ, മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വമേഖലകൾ, ഇവയെല്ലാം പരസ്പരം ചർച്ച ചെയ്യുകയും പങ്കുവെക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി എന്നിവർ മീറ്റിങ്ങിന് നേതൃത്വം നൽകി. പങ്കെടുത്ത മുഴുവൻ രക്ഷാകർത്താക്കൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**അമ്മയോടൊപ്പം:** ഒക്ടോബർ 14 നു സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഓൺലൈൻ ജപമാലയിൽ മാനന്തവാടി രൂപതയിൽ നിന്നും നിരവധി യുവജങ്ങൾ പങ്കെടുത്തു

**അമ്മതൻ ചാരെ:** ഇസ്രായേൽ പലസ്തീൻ യുദ്ധം കൊടുമ്പിരി കൊള്ളുന്ന സാഹചര്യത്തിൽ, ജപമാല മാസത്തോടനുബന്ധിച്ച് ലോക സമാധാനത്തിനായ് യുവജനങ്ങൾ ജപമാലയർപ്പിച്ച് പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മയുടെ സന്നിധിയിൽ കെ.സി.വൈ.എം മാനന്തവാടി രൂപത ഭാരവാഹികളും മാനന്തവാടി മേഖലഭാരവാഹികളും വിവിധ യൂണിറ്റ് അംഗങ്ങളും പങ്കുചേർന്ന 'അമ്മതൻ ചാരെ' ജപമാല റാലി മാനന്തവാടി മേഖലയുടെ ആതിഥേയത്വത്തിൽ മാനന്തവാടി ടൗൺ യൂണിറ്റിൽ നടത്തി. രൂപത ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചുമലയിൽ, സെക്രട്ടറി റ്റിജിൻ വെള്ളപ്ലാക്കിൽ, ട്രഷറർ ബിബിൻ പിലാപ്പിള്ളിൽ, രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, രൂപത സിൻഡിക്കേറ്റ് അംഗങ്ങളായ ക്ലിന്റ് ചായംപുന്നക്കൽ, ആൻമരിയ തയ്യിൽ, മാനന്തവാടി മേഖല പ്രസിഡന്റ് ആൽബിൻ അഗസ്റ്റിൻ, മേഖല ഡയറക്ടർ ഫാ. നിതിൻ പാലക്കാട്, യൂണിറ്റ് ഡയറക്ടർ ഫാ. ജിമ്മി മൂലയിൽ മേഖല ആനിമേറ്റർ സി. ജിനി എഫ്. സി.സി എന്നിവർ നേതൃത്വം നൽകി. നിരവധി പേർ പങ്കെടുത്തു.

**കൗണ്ട് ഡൗൺ**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ലഹരി വിരുദ്ധ ഷോർട്ട് ഫിലിം കൗണ്ട് ഡൗൺ രൂപതയുടെ യുട്യൂബ് ചാനലിലൂടെ റിലീസ് ചെയ്തു. തരിയോട് യൂണിറ്റ് പ്രസിഡന്റ് ജെസ്പിൻ ജോസഫ് പള്ളിക്കാതൊട്ടിയിൽ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച ഷോർട്ട് ഫിലിം ലഹരിയുടെ അടിമത്വത്തിൽ നിന്നും യുവതലമുറയെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ പുറത്തിറക്കിയതാണ്.

**സാഹിത്യ ശില്പശാല 2023**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ഉത്സവ് 2023 സാഹിത്യ മത്സരത്തിന് മുന്നോടിയായി, കെ.സി.വൈ.എം മാനന്ത

വാടി രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന യുവജനങ്ങളുടെ മികവാർന്ന പ്രകടനത്തിനായി ഒക്ടോബർ 22, 24 തിയ്യതികളിലായി സാഹിത്യ ശില്പശാല നടത്തി.

**പാൽചുരം റോഡിന്റെ ശോചനീയാവസ്ഥയ്ക്കെതിരെ പ്രതിഷേധം**

വയനാട് കണ്ണൂർ രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതകളിൽ ഒന്നായ പാൽചുരം റോഡിന്റെ ശോചനീയാവ സ്ഥയിൽ പ്രതിഷേധിച്ച് കെ..സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം ചുങ്കക്കുന്ന് മാനന്തവാടി മേഖല കളുടെ ആതിഥേയത്വത്തിൽ പാൽച്ചുരത്ത് പ്രതിഷേധ കൂട്ടായ്മയും പൊതുജന പ്രതികരണ രേഖപ്പെടുത്തലും സംഘടിപ്പിച്ചു. കെ.സി. വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ച പ്രതിഷേധ കൂട്ടായ്മ മലയോര സംരക്ഷണ സമിതി അധ്യക്ഷൻ ഫാ. വിനോദ് പി തോമസ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാദർ സാന്റോ അമ്പലത്തറ, പാൽച്ചുരം ഇടവക വികാരി ഫാദർ ജോസ് പുളിന്താനം, കെ.സി.വൈ.എം ചുങ്കക്കുന്ന് മേഖല സെക്രട്ടറി കുമാരി മരിയ വലിയവീട്ടിൽ, മലയോര സംരക്ഷണ സമിതി അംഗങ്ങളായ ശ്രീ. സന്തോഷ് വെളിയത്ത്, ശ്രീ. റെജി കന്നുകുഴി എന്നിവർ പ്രതിഷേധമറിയിച്ച് സംസാരിച്ചു. കെ.സി.വൈ.എം ചുങ്കക്കുന്ന് മേഖല പ്രസിഡന്റ് ശ്രീ. വിമൽ കൊച്ചുപുരക്കൽ സ്വാഗതവും, കെ.സി.വൈ. എം മാനന്തവാടി രൂപത സെക്രട്ടറി കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ നന്ദിയും അർപ്പിച്ചു സംസാരിച്ചു. നൂറുകണക്കിന് യാത്രക്കാർ റോഡിന്റെ ശോചനീയാവസ്ഥക്കെതിരെ പ്രതികരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് ജോർജ് കൊച്ചുമലയിൽ, സെക്രട്ടറി ശ്രീ. ടിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിയിൽ, രൂപതാ ആനിമേറ്റർ സിസ്റ്റർ ബെൻസി ജോസ് SH, ചുങ്കക്കുന്ന് മേഖല ഡയറക്ടർ ഫാ. സന്തോഷ് ഒറവാറംന്തറ, ഫാ. സെബിൻ ഐക്കര ത്താഴത്ത്, മാനന്തവാടി മേഖല വൈസ് പ്രസിഡന്റ് കുമാരി റോസ് മരിയ, സെക്രട്ടറി കുമാരി അമ്പിളി സണ്ണി, ആനിമേറ്റർ സി. ജിനി FCC രൂപത സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. വിനീഷ് മഠത്തിൽ, കുമാരി ആൻമേരി തയ്യിൽ, ശ്രീ. കുര്യൻ നീലത്തുമുക്കിൽ എന്നി വർ സന്നിഹിതരായിരുന്നു. നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**വൈദ്യുത പാചകവാതക വില വർദ്ധനവ് പ്രതിഷേധം**

സാധാരണ ജനങ്ങളുടെ മേൽ ഇരുട്ടടിയായി സംസ്ഥാന സർക്കാർ വൈദ്യുത നിരക്ക് വർധിപ്പിച്ചതിലും കേന്ദ്ര സർക്കാരിന്റെ പാചകവാതക വില വർദ്ധനവിലും പ്രതിഷേധിച്ചു കൊണ്ട്, കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മണ്ണെണ്ണ വിളക്ക് കയ്യിലേന്തി, ഗ്യാസ് സിലിണ്ടറും വിറകും ചുമന്ന് മാനന്തവാടി രൂപതയിലെ യുവജനങ്ങൾ തെരുവിലിറങ്ങി പ്രതിഷേധിച്ചു. മാനന്തവാടി ടൗണിൽ നിന്ന് ആരംഭിച്ച പ്രതിഷേധ പ്രകടനം കെ.എസ്. ഇ.ബി. ഓഫീസിന് മുന്നിൽ അവസാനിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ രൂപത പ്രസിഡൻറ് ശ്രീ. അനീഷ് ഓമക്കര മുഖ്യപ്രഭാഷണം നടത്തി. രൂപതാ വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കിയിൽ, ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് ജോർജ് കൊച്ചുമലയിൽ, സെക്രട്ടറി ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളിൽ, കോർഡിനേറ്റർ ശ്രീ. അഖിൽ ജോസ് വാഴച്ചാലിൽ, ആനിമേറ്റർ സി. ബെൻസി എസ്.എച്ച്, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. റ്റിബിൻ പാറക്കൽ, ക്ലിന്റ് ചായംപുന്നക്കൽ, ഫാ. സജി പുതുക്കുളങ്ങര, ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, മേഖല പ്രസിഡന്റുമാരായ ശ്രീ. ആൽബിൻ കുഴിഞ്ഞാലിൽകരോട്ട്, ശ്രീ.നിഖിൽ ചൂടിയാങ്കൽ, ശ്രീ. അജയ് മുണ്ടയ്ക്കൽ, ശ്രീ. ജോബിൻ തടത്തിൽ, ഫാ. ബിജു തൊണ്ടിപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. വിവിധ മേഖലകളിൽ നിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**SPERENZA 2023 കേശദാന ക്യാമ്പയിൻ സമാപനം**

2023 മാർച്ച് 5 ന് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ പ്രവർത്തനവർഷ ഉദ്ഘാടനത്തോനുബന്ധിച്ച് ആരംഭിച്ച SPERANZA 2023 കേശദാന ക്യാമ്പയിൻ സമാപിച്ചു. നവംബർ 4 വരെ നീണ്ടുനിന്ന കേശദാന ക്യാമ്പയിനിൽ വിവിധ മേഖലകളിൽ നിന്നായി 76 പേരുടെ മുടി സമാഹരിക്കാൻ കഴിഞ്ഞു. സമാഹരിച്ച മുഴുവൻ മുടിയും കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലുക്കോസ് നീലംപറമ്പിൽ, കുമാരി ബെറ്റി പുതുപറമ്പിൽ, ശ്രീ. അഖിൽ ജോസ് വാഴച്ചാലിൽ, ആനിമേറ്റർ സി. ബെൻസി എസ്.എച്ച്, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ എന്നിവരുടെ നേതൃത്വത്തിൽ

തൃശൂർ അമല ഹോസ്പിറ്റലിന് കൈമാറി. വിവിധ മേഖലകളിൽ നിന്നും ഈ ഉദ്യമത്തിൽ പങ്കെടുത്ത എല്ലാ പ്രിയപ്പെട്ടവർക്കും, നേതൃത്വം നൽകിയ മേഖല ഭാരവാഹികൾക്കും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നന്ദി.

**COFFY 2.0 സമാപനം**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ 2023 പ്രവർത്ത നവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ആരംഭം കുറിച്ച ലീഡർ ഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമായ COFFY ( CATHOLIC ONGOING FAITH FORMATION FOR YOUTH) യുടെ രണ്ടാം ഭാഗം COFFY 2.0 അവസാനിച്ചു. വിവിധ വിഷയങ്ങളിലായി 5 ഓൺലൈൻ ക്ലാസു കളാണ് വിദഗ്ദരുടെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് നൽകിയത്. അവസാന സെഷൻ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഓഫ്‌ലൈനായി നടത്തപ്പെട്ടു. കെ.സി.വൈ.എം മുൻ സംസ്ഥാന വൈസ് പ്രസിഡന്റും, മാനന്തവാടി രൂപതാ പ്രസിഡന്റുമായിരുന്ന ശ്രീ. സജിൻ ചാലിൽ ക്ലാസ്സ് നയിച്ചു. COFFY 2.0 യുടെ ഭാഗമായ യുവജനങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കെ.സി.വൈ.എം മാനന്ത വാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലുക്കോസ് നീലംപറമ്പിൽ, വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കിയിൽ, ഡയറക്ടർ റവ. ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സിസ്റ്റർ ബെൻസി. എസ്.എച്ച്, സംസ്ഥാന സെനറ്റ് അംഗം ശ്രീ. ടിബിൻ പാറക്കൽ എന്നിവർ നേതൃത്വം നൽകി.

**അഭിനന്ദനങ്ങളും ആശംസകളും**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ഖേലോത്സവ് 2023 സ്പോർട്സ് മീറ്റിന്റെ മലബാർ മേഖല ഗെയിംസ് മത്സരങ്ങളിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് പങ്കെ ടുത്ത എല്ലാ മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങളും ആശംസകളും നേർന്നു.

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ഖേലോത്സവ് 2023 സ്പോർട്സ് മീറ്റിന്റെ മലബാർ മേഖല ഗെയിംസ് മത്സരങ്ങളിൽ, കെ.സി.വൈ.എം മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് , ക്രിക്കറ്റ്, ബാഡ്മിന്റൺ, ഷൂട്ട് ഔട്ട് എന്നീ മത്സര ഇനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ. കെ.സി.വൈ.എം മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീമതി അനില ദീപക്ക്, കുമാരി. അമൽഡ തൂപ്പുംക്കര, ശ്രീമതി നീതു നീലത്തുമുക്കിൽ

എന്നിവർക്ക് ജന്മ-ദിനാശംസകൾ അറിയിച്ചു. ഗോവയിൽ വച്ച് നടത്തപ്പെട്ട മുപ്പത്തിയേഴാമത് ദേശീയ ഗെയിംസിൽ റോവിങ്ങിൽ കേരളത്തിന് വേണ്ടി സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ കെ.സി.വൈ.എം ആലാറ്റിൽ യൂണിറ്റംഗം കുമാരി അലീന ആന്റോയ്ക്ക് അഭിനന്ദനങ്ങൾ. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന കലോത്സവത്തിൽ സംസ്ഥാന തല ഓവറോൾ ചാമ്പ്യൻമാരായ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയ്ക്ക് അഭിനന്ദനങ്ങൾ.

**മാനന്തവാടി മേഖല**

കെ.സി.വൈ.എം മാനന്തവാടി രൂപതാ നടത്തിയ യുവജന കലോത്സവം 'പേൾ 2023'ൽ വിജയികളായ മാനന്തവാടി മേഖലയിലെ യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. 'അമ്മതൻ ചാരെ..' മാനന്തവാടി മേഖലയുടെ ആതിഥേയത്വത്തിൽ രൂപതാ സമിതിയോടൊപ്പം മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് ജപമാല റാലി നടത്തി. ടൗൺ ചർച്ചിൽ വച്ച് നടന്ന ജപമാല റാലിയെ തുടർന്ന് മേഖലാ രൂപതാ സാഹിത്യ കലാ മത്സരങ്ങളുടെ സർട്ടിഫിക്കറ്റ്, മെഡൽസ് എന്നിവ കൈമാറി. ഓഗസ്റ്റ് മാസം നടത്തിയ ക്വിസ് മത്സരത്തിന്റെയും സമ്മാനങ്ങൾ വിതരണം ചെയ്തു. പാൽച്ചുരം റോഡിന്റെ ശോചനീയാവസ്ഥയ്ക്കെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയ്ക്കും പൊതുജന പ്രതികരണ രേഖപ്പെടുത്തലിനും മാനന്തവാടി മേഖല ആതിഥേയത്വം വഹിക്കുകയും മാനന്തവാടി മേഖല ഭാരവാഹികളും യൂണിറ്റ് പ്രതിനിധികളും പങ്കാളികളാവുകയും ചെയ്തു. ഗോവയിൽ വച്ച് നടത്തപ്പെട്ട 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി സ്വർണമെഡൽ കരസ്ഥമാക്കിയ അലീനയ്ക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

**നീലഗിരി മേഖല**

നീലഗിരി മേഖലയുടെ നേതൃത്വത്തിൽ മേഖല ക്യാമ്പ് ജ്വലനം 2023 October 22, 23, 24 തീയതികളിൽ നടത്തി. മേഖലയുടെ എല്ലാ യൂണിറ്റുകളിൽ നിന്നുമായി അറുപതോളം പേർ പങ്കെടുത്തു. മേഖലാ പ്രസിഡണ്ട് ശ്രീ. ജിതിൻ ചുണ്ടക്കാട്ട്, സി.എം.എൽ നീലഗിരി മേഖല സെക്രട്ടറി ശ്രീ. ജോഷി താണോലിൽ എന്നിവർ ക്യാമ്പ് നടത്തുകയും മറ്റു എല്ലാ മേഖല എക്സിക്യൂട്ടീവ് അംഗങ്ങളും ക്യാമ്പിന് നേതൃത്വം നൽകുകയും ചെയ്തു.

## യൂണിറ്റ് വാർത്തകൾ

**തേനേരി**

ഇടവകയുടെ നേതൃത്വത്തിൽ ഒരു നിർധന കുടുംബത്തിന് ഭവനം വച്ചുകൊടുക്കുന്നതിലേക്ക് KCYM സംഘടന ഇടവകയിൽ ബിരിയാണി ചലഞ്ച് നടത്തി രണ്ട് ലക്ഷം രൂപ കൊടുത്തു സഹായിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി

**മക്കിയാട്**

രൂപതാകലാമത്സരത്തിൽ പങ്കെടുത്തു. ക്യാൻസർരോഗിക്കു ചികിത്സസഹായം നൽകി. ഇസ്രായേൽ ഹമാസ് യുദ്ധത്തിൽ നിന്നും വിടുതൽ ലഭിക്കുന്നതിനുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വചന രാത്രി എന്നപേരിൽ ഭവനങ്ങളിൽ വചനം വായിച്ചു ജീവിതത്തെ വിശുദ്ധീകരിച്ചു. യുവജന ധ്യാനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. കലാസാഹിത്യമത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനം നൽകി അഭിനന്ദിച്ചു. പ്രതിഷേധ കൂട്ടായ്മയിൽ പങ്കെടുത്തു.

**കയ്യൂന്നി**

ജപമാല മാസത്തോടനുബന്ധിച്ച് മനോഹരമായ ഒരു ജപമാല യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച് പള്ളിക്കുമുകളിൽ സ്ഥാപിച്ചു. കുട്ടികളിൽ ജപമാല ഭക്തി വളർത്തുന്നതിനായി കെ.സി.വൈ.എം അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രോട്ടോയിൽ 31 ദിവസവും സ്കൂൾ കുട്ടികൾക്ക് വേണ്ടി ജപമാല നടത്തി. രൂപതാ കലാമത്സരത്തിൽ കയ്യൂന്നിയിൽ നിന്നും 17 ഓളം അംഗങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്ക് വേണ്ടി നടത്തപ്പെട്ട നീലഗിരിമേഖലാ ക്യാമ്പിൽ ഏഴ് പേർ പങ്കെടുത്തു.

**തോമാട്ടുചാൽ**

രൂപതാ പേൾ മത്സരത്തിൽ തോമാട്ടുചാൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ആക്രി സാധനങ്ങൾ ശേഖരിച്ച് ഫണ്ട് ശേഖരിച്ചു. മാനന്തവാടി മെഡിക്കൽ കോളേജിലെ രോഗികൾക്ക് ഉച്ചഭക്ഷണം നൽകി. മാനന്തവാടി മൈനർ സെമിനാരി സന്ദർശിക്കുകയും സെമിനാരിക്കാർക്കായി സാമ്പത്തീക സഹായം നൽകുകയും ചെയ്തു. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജപമാല റാലിയിൽ യുവജനങ്ങൾ പങ്കെടുത്തു. പഴൂർ MMB Brothers നടത്തുന്ന അനാഥാലയം സന്ദർശിച്ച് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും അവരോടൊപ്പം സമയം ചിലവഴിച്ച് സാമ്പത്തീക സഹായം നൽകുകയും

ചെയ്തു. എല്ലാ യുവജനങ്ങൾക്കുംവേണ്ടി ജാഗരണപ്രാർത്ഥന നടത്തി.

**ബത്തേരി**

ജപമാല മാസത്തോടനുബന്ധിച്ച് പള്ളിയിൽ നടന്ന ജപമാലയിലും വി. കുർബാനയിലും അംഗങ്ങൾ പങ്കെടുത്തു. KCYM ഫണ്ട് ശേഖരാണാർത്ഥം ആക്രി പെറുക്കി. മേഖല കലാ മത്സരങ്ങളിൽ പങ്കെടുത്തവരെയും വിജയികളായവരെയും അനുമോദിച്ചു. ദിവ്യകാരുണ്യ ചാപ്പൽ വെഞ്ചിരിപ്പിനോട് അനുബന്ധിച്ചു നടന്ന പൊതുപണിയിൽ അംഗങ്ങൾ പങ്കെടുത്തു.

**ആലാറ്റിൽ**

ഒക്ടോബർ മാസത്തോട് അനുബന്ധിച്ച് യൂണിറ്റിൽ വിവിധതരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും യുവജനങ്ങളെ അതിൽ പങ്കെടുപ്പിക്കുകയും ചെയ്തു. ലോകസമാധാനത്തിനുവേണ്ടി യൂണിറ്റിൽ പ്രാർത്ഥന നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങൾ മുൻനിർത്തി കൊണ്ട് കുഴിനിലത്തുള്ള ടെസ്സ സ്പെഷ്യൽ സ്കൂൾ വിസിറ്റ് ചെയ്തു. യുണിറ്റിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ചു. ഒക്ടോബർ രണ്ടിന് ബത്തേരിയിൽ വെച്ച് നടന്ന രൂപതാ മത്സരത്തിന് യൂണിറ്റ് നിന്ന് യുവജനങ്ങൾ പങ്കെടുപ്പിക്കുകയും ചെയ്തു. പേൾ കലാമത്സരത്തിൽ മികച്ചപ്രകടനം കാഴ്ചവെച്ചവർക്ക് ആശംസകൾ നേർന്നു. യൂണിറ്റിലേക്ക് ഫണ്ട് ശേഖരണം നടത്തി.

**പുതിയിടംകുന്ന്**

ഭവനങ്ങളിൽ രോഗീ സന്ദർശനം നടത്തി അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഭവന നിർമ്മാണ സഹായം നല്കി. സെമിത്തേരി സന്ദർശനം നടത്തി. മരിച്ച വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ആലാറ്റിൽ:** ഒക്ടോബർ 22ന് ഞായറാഴ്ച ദേവാലയത്തിൽ ലഹരി വിരുദ്ധദൂത് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. സിജു പുത്തൻപുരക്കൽ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വിശുദ്ധ ബലിയർപ്പിച്ച്, ലഹരി വിരുദ്ധ സന്ദേശം നൽകി. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന് രൂപം നൽകി.

**ചിത്രപ്രദർശനം**

ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ കലോത്സവത്തോടനുബന്ധിച്ച് മാനന്തവാടി ഫാദർ ജി. കെ. എം സ്കൂൾ ഗ്രൗണ്ടിൽ, ലഹരി വിരുദ്ധ ചിത്ര/ പോസ്റ്റർ പ്രചരണം നടത്തി. സമിതി രൂപതാഡയറക്ടർ, രൂപതാ സെക്രട്ടറി ജോയ് പര്യാരത്ത് എന്നിവർ നേതൃത്വം നൽകി. കലോത്സവ നഗരിയിൽ പ്രദർശനത്തിന് അനുമതി നൽകിയ സി. എം. എൽ മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ, മറ്റു രൂപതാ ഭാരവാഹികൾ എന്നിവർക്ക് ഹൃദയപൂർവം നന്ദി.

**സന്ദർശനം:** മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ നിലമ്പൂർ, മണിമൂളി മേഖലകളിലെ ദേവാലയങ്ങളിൽ സന്ദർശനം നടത്തുകയും വികാരിയച്ചന്മാരുമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**നിലമ്പൂർ:** നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ ഒക്ടോബർ 29 ന് ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഫെറോന വികാരി ഫാ. ജയ്സൺ കുഴികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ വി. ബലി അർപ്പിക്കുകയും ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. അസിസ്റ്റൻറ് വികാരി ഫാ. റോബിൻ കുമ്പളക്കുഴി നേതൃത്വം നൽകി.

**തോമാട്ടുചാൽ:** തോമാട്ടുച്ചാൽ സെൻ്റ് തോമസ് ദേവാലയത്തിൽ നവംബർ അഞ്ചിന് ഞായറാഴ്ച ലഹരി വിരുദ്ധദൂത് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. വിൻസെൻ്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ

സന്ദേശം നൽകി. മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരിച്ചു. കുട്ടികൾക്ക് സെമിനാർ നടത്തി. ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ മനോജ് കാക്കുഴി, ജോൺസൺ തൊഴുത്തുങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**കത്തീഡ്രൽ:** നവംബർ 12ന് ഞായറാഴ്ച കത്തീഡ്രൽ സെന്റ് ജോസഫ് ദേവാലയത്തിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. കത്തീഡ്രൽ വികാരി ഫാ. സോണി വാഴക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

**കല്ലോടി:** നവംബർ 19 ഞായർ: കല്ലോടി ഫൊറോനാ ദൈവാലയത്തിൽ ലഹരി വിരുദ്ധ ദിനം ആചരിച്ചു. ഫൊറോനാ വികാരി ഫാ. സജി കോട്ടയിൽ പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചു. രൂപതാ ഡയറക്ടർ വി. കുർബാന അർപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശം നൽകി. ജ്വാല ലഹരി വിരുദ്ധ ക്ലബ് രൂപം നൽകി പ്രവർത്തനങ്ങൾ ആരംഭിച്ചു. സഹ. വികാരി ഫാ. അഖിൽ ഉപ്പുവീട്ടിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ജ്വാല ലഹരി വിരുദ്ധ ക്ലബ്**
**പ്രവർത്തനങ്ങൾ**

**ചുങ്കക്കുന്ന്:** ലഹരി വിരുദ്ധ ക്ലബ് ഉദ്ഘാടനം, ക്ലാസ്സ്, സന്ദേശഗാനം, പ്രസംഗമത്സരം, മൈമ്മ്, സ്റ്റാറ്റസ് ചലഞ്ച്, കരുണകൊന്ത, വചനപ്രദർശനം, ലഹരിക്ക് എതിരെ കൈയൊപ്പ് എന്നീ പ്രവർത്തനങ്ങൾ നടന്നു.

**ബോയ്സ് ടൗൺ:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, പോസ്റ്റർ നിർമാണം.

**കൽപ്പറ്റ:** ലഹരി വിരുദ്ധ ക്ലബ് 'ജ്വാല', ലഹരി വിരുദ്ധ മാസം ഉദ്ഘാടനം.

**ആലാറ്റിൽ:** ലഹരി വിരുദ്ധ മാസം,'ജ്വാല' ക്ലബ് ഉദ്ഘാടനം. മാർഗരേഖ പ്രകാശനം, പോസ്റ്റർ പ്രദർശനം.

**വള്ളികെട്ട്:** ലഹരി വിരുദ്ധ മാസം ഉദ്ഘാടനം.

**മൂലെപ്പാടം:** ലഹരി വിരുദ്ധ മാസം ഉദ്ഘാടനം, ബോധവത്കരണം, ലഹരി വിരുദ്ധ പ്രതിജ്ഞ.

**നിലമ്പൂർ:** ലഹരി വിരുദ്ധ മാസം ഉദ്ഘാടനം, കരുണകൊന്ത, പോസ്റ്റർ പ്രദർശനം, സെമിനാർ.

**കൊളവയൽ:** ലഹരി വിരുദ്ധ മാസ ഉദ്ഘാടനം, കരുണകൊന്ത, ലഹരി വിരുദ്ധ പ്രതിജ്ഞ.
**കടൽമാട്:** ലഹരി വിരുദ്ധ മാസം ഉദ്ഘാടനം.
**തോമാട്ടുച്ചാൽ:** ലഹരി വിരുദ്ധ മാസം ഉദ്ഘാടനം, ജപമാല റാലി, പോസ്റ്റർ പ്രദർശനം, സെമിനാർ, കൊളാഷ്, നിത്യാരാധന, പ്രാർത്ഥനവാരം. ലഹരി വിരുദ്ധ മസാചാരണം ഊർജ്ജസ്വലമായി ഇടവകളിൽ നടത്തുന്ന എല്ലാ വൈദികർക്കും, അധ്യാപർക്കും, കുട്ടികൾക്കും, ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ
**പൂളപ്പാടം:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, ബോധവത്കരണ ക്ലാസ്സ്.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സുകൾ

നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 97 പേർ പങ്കെടുത്തു. ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10, 11, 12,13 എന്നീ തീയതികളിലും, ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 13, 14, 15, 16 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

മാതൃവേദിയുടെ 2023-24 പ്രവർത്തന വർഷം ഇടവകകളിൽ തിരികൾ തെളിച്ചുകൊണ്ട് ആരംഭം കുറിച്ചു. ഒക്ടോബർ മാസത്തിലെ ദിവ്യകാരുണ്യ ആരാധനയിൽ പൗരോഹിത്യ, സന്യസ്ത ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിച്ചു. വിവിധ മേഖലകളിൽ ജപമാല റാലി നടത്തി. Social Media യുടെ മോശമായ ഉപയോഗത്തിന് അടിമപ്പെട്ടവർക്കും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവർക്കും വേണ്ടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. രൂപതയിലെ എല്ലാ മേഖലകളും ശാഖാതല സന്ദർശനം പൂർത്തിയാക്കി മേഖലാ റിപ്പോർട്ട് രൂപതയിൽ സമർപ്പിച്ചു. ലോകസമാധാനത്തിനും ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുന്നതിനും ഇസ്രായേൽ ഗാസ യുദ്ധം അവസാനിക്കുന്നതിനു വേണ്ടി അമ്മമാർ കരുണക്കൊന്തയും തിരുഹൃദയ ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. സി. ആലീസ് SKD യുടെ അഭാവത്തിൽ ആനിമേറ്ററായി ചാർജ്ജെടുത്ത സി. എൽസി പോൾ SKD യെ മാനന്തവാടി രൂപത മാതൃവേദിയിലേക്ക് സ്വാഗതം ചെയ്യുന്നു. രൂപതാതല WissenSie ക്വിസ് ഒക്ടോബർ 23-ാം തീയതി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. മത്സരത്തിൽ 13 മേഖലയിലെയും അമ്മമാർ പങ്കെടുത്തു. റവ. ഫാ. പ്രകാശ് വെട്ടിക്കൽ ക്വിസ് മത്സരം നടത്തി.

## WissenSie ക്വിസ് മത്സര വിജയികൾ

| | |
|---|---|
| ത്രേസ്യാമ്മ കാഞ്ഞിരത്തിങ്കൽ<br>ലിസി വെട്ടിയാറ്റ് | ചുങ്കക്കുന്ന് മേഖല -1st |
| ഷൈബി കുന്നത്ത്<br>ഷേർലി തോമസ് കുടിലിങ്ങൽ<br>ബീന അരുൺ പുതുവാ | മണിമൂളി മേഖല - IInd |

| | |
|---|---|
| സോണിയ ബിബിൻ മണ്ണത്തൻകുഴി<br>രാജിലിൻ തറപ്പേൽ<br>ഷീബ ചെരുവിൻകാലായിൽ<br>ലില്ലി ചന്ദനപറമ്പിൽ | ബത്തേരി മേഖല - IIIrd |

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഡിസംബർ 19.

**മേഖലാ വാർത്തകൾ**

**ദ്വാരക**

ഒക്ടോബർ മാസത്തിൽ മേഖലയിലെ ഇടവകകൾക്കുവേണ്ടി യൂണിറ്റുകൾ പരസ്പരം പ്രാർത്ഥിച്ചു. കൊമ്മയാട് സെൻ്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ദ്വാരക മേഖലയുടെ ജപമാലറാലി നടത്തി. ഒക്ടോബർ 14-ന് ദ്വാരക AUP സ്കൂളിൽ വച്ച് മേഖല Wissensie ക്വിസ് സംഘടിപ്പിച്ചു. വിജയിച്ച ടീമിനെ രൂപത മത്സരത്തിനയച്ചു. മേഖലയിലെ യൂണിറ്റുകളിൽ നിന്ന് വാർഷിക റിപ്പോർട്ടുകൾ ശേഖരിച്ച് മൂല്യനിർണ്ണയം നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കണ്ടെത്തി. യൂണിറ്റുകൾ സന്ദർശിച്ച് മേഖല വാർഷിക പ്രവർത്തന റിപ്പോർട്ട് രൂപതക്ക് നൽകി.

**കല്ലോടി**

23/10/2023 ന് മേഖലയുടെ ജപമാല റാലി നിരവിൽപുഴ കുരിശടിയിൽ നിന്നും കുഞ്ഞോം ഇടവകയിലേക്ക് നടത്തി. ലോക സമാധാനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഡയറക്ടർ Rev.Fr. Benny Muthirakkalayil നേതൃത്വം നൽകി. വി. കുർബാന, വചന സന്ദേശം എന്നിവ നടത്തി.

**മുള്ളൻകൊല്ലി**

മേഖലയിലെ എല്ലാ യൂണിറ്റിൽനിന്നും അംഗങ്ങൾ അമരക്കുനി ഇടവകയിൽ ഒത്തുചേർന്ന് ജപമാല റാലി നടത്തി. ഡയറക്ടർ അച്ചൻ വിശുദ്ധ ബലി അർപ്പിച്ചു. ജനറൽബോഡി മീറ്റിംഗിൽ മേഖലയിൽ നടത്തിയ മത്സരത്തിൽ സമ്മാനാർഹരായവർക്ക് സമ്മാനം നൽകി. സെമിത്തേരി വൃത്തിയാക്കി ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എക്സിക്യൂട്ടീവ് കൂടി.

**ശാഖാ വാർത്തകൾ**

**വൈത്തിരി**

ലോഗോസ് ക്വിസിന് E വിഭാഗത്തിൽ ശ്രീമതി അന്നമ്മ പുതിയാകുന്നേലിന് 1st prize ലഭിച്ചു. മേഖലയിൽ നടന്ന വിസ്സെൻസി

മരിയൻ ക്വിസ്സിൽ 3rd Prize ലഭിച്ചു. മേഖലാ ജപമാല റാലിയിൽ 12 അംഗങ്ങൾ പങ്കെടുത്തു. മികച്ച മാർഗ്ഗരേഖയ്ക്കുള്ള ഒന്നാം സമ്മാനവും വിസ്സെൻസി മരിയൻ ക്വിസിൽ മൂന്നാം സമ്മാനവും ലഭിച്ചു. എൻ ഊരിലേക്ക് ഉല്ലാസയാത്ര നടത്തി. വാർഷിക റിപ്പോർട്ട് മേഖലയക്ക് നൽകി.

**പുതുശ്ശേരിക്കടവ്**

അഖിലലോക മിഷൻ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയെ കുറിച്ചുള്ള സന്ദേശം നൽകി. വയോജന ദിനത്തിൽ വൃദ്ധരെ ആദരിച്ചു. സേവന ദിനത്തിൽ ഗ്രോട്ടോ വൃത്തിയാക്കി. മേഖലാ ക്വിസ്സ്, ജപമാല റാലി എന്നിവയിൽ പങ്കെടുത്തു. വിൻസെന്റ് ഡി പോൾ സംഘടന യോട് ചേർന്ന് മാഹിയിലേക്ക് തീർത്ഥയാത്ര നടത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധങ്ങളായ സാമൂഹ്യ സുരക്ഷാ പദ്ധതിക ളെക്കുറിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിൽ നയിച്ച സെമിനാറിൽ പങ്കെടുത്തു.

**തേൾപാറ**

ജപമാല മാസാചാരണം നടത്തി. ഒക്ടോബർ 1 ന് മിഷൻ പതാക അമ്മമാരുടെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളിലും ഉയർത്തി. ബൈക്ക്, സൈക്കിൾ മിഷൻ റാലിയിൽ അമ്മമാരും പങ്കെടുത്തു.

**കോട്ടത്തറ**

പ്രവർത്തന വർഷ ആരംഭം കുറിച്ചു. ജപമാല മാസാചരണം നടത്തി.എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

മേഖലാ മരിയൻ ക്വിസ് മത്സരത്തിൽ 3 പേർ പങ്കെടുത്തു. ശാഖ പ്രവർത്തന റിപ്പോർട്ട് മേഖലയ്ക്ക് കൊടുത്തു. രോഗി സന്ദർശനം നടത്തി. മേഖല ഭാരവാഹികൾ ശാഖ സന്ദർശിച്ചു. സെമിത്തേരി വൃത്തിയാക്കി. ശാഖ പ്രവർത്തനത്തിന് A ഗ്രേഡ് ലഭിച്ചു.

**ചുള്ളിയാന**

ജപമാല മാസാചരണം നടത്തി. മേഖല നിർദ്ദേശിച്ചതനുസ രിച്ച് യൂണിറ്റിന് പ്രാർത്ഥിക്കാനായി ലഭിച്ച ഒഴുക്കൻ മൂല ഇടവകയക്കു വേണ്ടി പ്രാർത്ഥന മാസമായി ആചരിച്ചു. ദ്വാരക മേഖലയുടെ നേതൃത്വ ത്തിൽ നടത്തപ്പെട്ട ജപമാല റാലിയിൽ പങ്കെടുത്തു. രൂപത നടത്തിയ Wissensie ക്വിസ് മൽസരത്തിൽ പങ്കെടുത്തു. വാർഷിക റിപ്പോർട്ട് മേഖലയ്ക്കു നൽകി. മികച്ച രണ്ടാമത്തെ യൂണിറ്റായി തെരഞ്ഞെടുക്ക പ്പെട്ടു. മേഖല ടീമംഗങ്ങൾ യൂണിറ്റ് സന്ദർശിച്ചു.

**മരകാവ്**

ജപമാല മാസാചരണം നടത്തി. ജപമാല റാലി നടത്തി. ശാഖാ പ്രവർത്തന വർഷം നിലവിളക്ക് കൊളുത്തി ആരംഭിച്ചു. ശാഖാ വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. മേഖല പ്രവർത്തന വർഷാരംഭത്തിൽ പങ്കെടുത്തു മേഖല ജപമാല റാലിയിൽ പങ്കെടുത്തു. മേഖല ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തി.

**പനംഞ്ചിറ**

ജപമാല മാസാചരണം നടത്തി. പഴൂർ തപോവനം വൃദ്ധ സദനം സന്ദർശിച്ചു. സഹായങ്ങൾ നൽകി. കാട്ടിമൂല സ്നേഹാലയം സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പാവപ്പെട്ട കുടുംബത്തിലെ പെൺകുട്ടിയുടെ പ്രസവാനന്തര ചിലവുകൾക്കായി സാമ്പത്തിക സഹായം നൽകി.

**കയ്യൂന്നി**

പ്രവർത്തന വർഷാരംഭം, ജപമാല മാസാരംഭം എന്നിവയ്ക്ക് തുടക്കം കുറിച്ചു. ഗാന്ധി ജയന്തി അനുസ്മരണത്തിൽ പൊതു ക്ലീനിങ് നടത്തി. ആദ്യ വെള്ളി ആചരണം, എക്സിക്യൂട്ടീവ് എന്നിവ നടത്തി. മാനസീകാരോഗ്യ ദിനം, ലോക ഭക്ഷ്യദിനം എന്നിവ ആചരിച്ചു. രോഗീ സന്ദർശനം, പ്രാർത്ഥന ദിനങ്ങൾ എന്നിവ നടത്തി.

**മൺവയൽ**

ജപമാല മാസാചരണം നടത്തി. വാർഡു തലത്തിൽ മരിയൻ ക്വിസ് നടത്തി. ദേവാലയത്തിലെ ജപമാലയിൽ അനാഥ മന്ദിരത്തിനാവശ്യമായ സാധനങ്ങൾ കാഴ്ച സമർപ്പണം നടത്തി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നല്കി. മേഖല ഭാരവാഹികൾ ശാഖ സന്ദർശനം നടത്തി.

**അസംപ്ഷൻ ബത്തേരി**

ജപമാല മാസാചരണം നടത്തി. മേഖല ജപമാല റാലിയിൽ പങ്കെടുത്തു. എല്ലാ ശനിയാഴ്ചയിലും നടക്കുന്ന ജപമാലയിലും, വാർഡു തലത്തിൽ നടക്കുന്ന പള്ളി ക്ലീനിംങ്ങിലും പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**മഞ്ഞൂറ**

അഖണ്ഡ ജപമാല നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു. രോഗി സഹായമായി 1000/- രൂപയും വിദ്യാഭ്യാസ സഹായമായി 500/- രൂപയും നൽകി.

**അമരക്കുനി**

മേഖല ജപമാല റാലിയിൽ പങ്കെടുത്തു. ജനറൽബോഡി

മീറ്റിംഗ് നടത്തി. സെമിത്തേരി വൃത്തിയാക്കി. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് കൂടി.

**കാരയ്ക്കാമല**

കുടുംബ യൂണിറ്റുകളിൽ ജപമാല പ്രാർത്ഥന നടത്തി. മേഖല ജപമാല റാലിയിൽ പങ്കെടുത്തു.മേഖല ക്വിസ് മത്സര വിജയികൾക്ക് മേഖല, ഇടവക തലങ്ങളിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ഫണ്ട് സമാഹരണത്തിനായി പച്ചക്കറി തൈകൾ നട്ടു. മേഖല ടീം ശാഖ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

**സീതാമൗണ്ട്**

ജപമാല റാലിയിൽ പങ്കെടുത്തു. ജപമാല മാസാചരണം നടത്തി. മേഖലാ തല മരിയൻ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലാ ടീം ശാഖ സന്ദർശനം നടത്തി.

**പാടിച്ചിറ**

ജപമാല മാസാചരണം നടത്തി. മേഖലാസമിതി യൂണിറ്റ് സന്ദർശനം നടത്തി. മേഖലാ ജപമാല റാലിയിൽ പതിനാറു പേർ പങ്കെടുത്തു. ഒരു കുടുംബത്തിനു കിറ്റ് കൊടുത്തു. രോഗി സന്ദർശനം നടത്തി.

**പ്രശാന്തിഗിരി**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. സേവന ദിനം ആചരിച്ചു. മേഖല മരിയൻ ക്വിസിൽ പങ്കെടുത്തു. ജപമാല റാലിയിൽ 5 അംഗങ്ങൾ പങ്കെടുത്തു. രോഗി സന്ദർശനം, ഹോസ്പിറ്റൽ സന്ദർശനം എന്നിവ നടത്തി. ചികിത്സാ സഹായമായി 2000/- രൂപ നൽകി. എക്സിക്യൂട്ടീവ് കൂടി.

**പാലാങ്കര**

വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചു. മിഷൻ ലീഗ് കുട്ടികൾക്ക് പതാക തയ്ച്ചു കൊടുത്തു. പള്ളിയും പാരിഷ് ഹാളും സെമിത്തേരിയും വൃത്തിയാക്കി. മേഖലയിൽ നിന്നും ശാഖാ സന്ദർശനം നടത്തി.

**വഞ്ഞോട്**

മേഖലാ തല ജപമാല റാലിയിൽ 26 അമ്മമാർ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ധനസഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. സെമിത്തേരി വൃത്തിയാക്കി. ജപമാല മാസാചരണം നടത്തി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജപമാല മാസാചരണം നടത്തി.

മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. ബിഷപ്പ് ഹൗസ്, വിയാനി ഭവൻ, സെമിനാരി എന്നിവ സന്ദർശിച്ചു. മാനന്തവാടി സമരിറ്റൻ സദനം, പോരൂർ സ്നേഹാലയം എന്നിവിടങ്ങൾ സന്ദർശിച്ചു. സ്റ്റേഷനറി സാധനങ്ങൾ സംഭാവനയായി നൽകി.

**കബനിഗിരി**

ജപമാല മാസാചരണം നടത്തി. ജനറൽ ബോഡി മീറ്റിംഗും സെമിനാറും നടത്തി. മേഖലാതല മരിയൻ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**മരക്കടവ്**

മേഖല ജപമാല റാലിയിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി. പൂക്കളും തിരിയുമില്ലാത്ത കല്ലറകളിൽ അമ്മമാർ പൂക്കളും തിരികളും വയ്ക്കുകയും ചെയ്തു.

**മുള്ളൻകൊല്ലി**

പ്രവർത്തന വർഷം റവ.ഫാ. ജസ്റ്റിൽ മൂന്നനാൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ബിജു മാവറ അനുഗ്രഹപ്രഭാഷണം നടത്തി. മുള്ളൻകൊല്ലി മേഖല, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. ജപമാല മാസാചരണം നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ, ജപമാല രാജ്ഞിയുടെ തിരുനാൾ എന്നിവ ആചരിച്ചു.രോഗി സന്ദർശനം നടത്തി. മരിയൻ ക്വിസ്സിൽ പങ്കെടുത്തു. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. ജപമാല റാലിയിൽ 26 പേർ പങ്കെടുത്തു.

**പേരിയ**

ജപമാല മാസാചരണം നടത്തി. രോഗീ സന്ദർശനം നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി. പിടിയരി കാഴ്ച്ച വെച്ചു. എക്സികുട്ടീവ് യോഗം നടത്തി.

**കുഞ്ഞോം**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. സാന്താ മോനിക്ക മധ്യസ്ഥ പ്രാർത്ഥന, വചനം എന്നിവ നടത്തി. ജപമാല മാസാചരണം നടത്തി. വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി നടത്തി. മേഖല ജപമാല റാലിയിൽ പങ്കെടുത്തു. മേഖലയിൽ നിന്നും ശാഖ സന്ദർശിച്ചു.

**പോരൂർ**

പ്രവർത്തന വർഷാരംഭം കുറിച്ചു. ജപമാല റാലിയിൽ 5 പേർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖല മരിയൻ

ക്വിസിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**ടൗൺ ചർച്ച് മാനന്തവാടി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജപമാല മാസാചരണം നടത്തി. പഞ്ചാബ് മിഷനിലേക്ക് 4000 രൂപ സംഭാവന നൽകി. മേഖലാ ജപ മാല റാലിയിൽ 9 പേർ പങ്കെടുത്തു. മരിയൻ ക്വിസ്സിന് രണ്ട് പേർ പങ്കെടുത്തു. അൾത്താര അലങ്കാരത്തിനായി 500 രൂപ സംഭാവന നൽകി. സ്നേഹ ദീപം ചാരിറ്റബിൾ ട്രസ്റ്റിന് 1000 രൂപ സംഭാവന നൽകി.

**വാകേരി**

മേഖല മരിയൻ ക്വിസിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി. ജപമാല റാലിയിൽ 64 പേർ പങ്കെടുത്തു. രൂപത മരിയൻ ക്വിസിൽ രാജ്ലിൻ തറപ്പിൽ, ഷീബ ചെരുംവം കാലായിൽ എന്നിവർ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിവിധ നിയോഗങ്ങൾക്കായി പ്രാർ ത്ഥിച്ചു.

**പുൽപ്പള്ളി**

ജപമാല മാസാചരണംനടത്തി. ജപമാല പ്രദിക്ഷണത്തിൽ 10 പേർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ ടീം ശാഖ സന്ദർശനം നടത്തി. രോഗി സന്ദർശനം നടത്തി.

**യവനാർകുളം**

പ്രവർത്തന വർഷം ആരംഭം കുറിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ജപമാല റാലിയിൽ 14 പേർ പങ്കെടുത്തു . പ്രായമായ വർ, രോഗികൾ എന്നിവരെ സന്ദർശിച്ചു.

**നടവയൽ**

വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. എക്സിക്യൂട്ടീവ് യോഗം കൂടി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. ജപമാല പ്രാർത്ഥന, മാതാവിനെ സാരി ഉടുപ്പിക്കൽ എന്നിവയ്ക്ക് നേതൃത്വം നൽകി. മരിയൻ ക്വിസ്, മരിയൻ ഗാനം മത്സരത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. വിധവാ സഹായമായി 1000 രൂപ നൽകി.

**തലഞ്ഞി**

ജപമാല റാലിയിൽ പങ്കെടുത്തു. ചികിത്സാ സഹായമായി 5000 രൂപ നല്കി. മഞ്ചേരി അഗതി മന്ദിര സന്ദർശനം നടത്തി. ജപമാലി റാലി നടത്തി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ

നടക്കുന്ന അക്രമത്തിനെതിരെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഇരുളം**

ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിച്ചു. മേഖല മീറ്റിങ്ങിലും, ജനറൽബോഡിയിലും പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ കൊന്ത റാലിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**അപ്പപ്പാറ**

ദേവാലയത്തിൽ വി. കുർബ്ബാനയ്ക്കും ജപമാലയ്ക്കും നേതൃത്വം നല്കി. ജപമാല മാസാചരണം നടത്തി.

**കരിമാനി**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. അക്രൈസ്തവ സഹോദരിയുടെ ഭവനത്തിൽ പോയി വീടും, പരിസരവും വൃത്തിയാക്കി. സ്നേഹാലയം സന്ദർശിച്ച് അന്തേവാസികളെ കുളിപ്പിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ഗവ. ഹോസ്പ്പിറ്റലിൽ വസ്ത്രങ്ങൾ നൽകി.

**ദ്വാരക**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. മാർഗ്ഗരേഖ കൈമാറി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. പുതിയതായി ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന ഭവനം സന്ദർശിച്ചു. മാഹിയിലേക്ക് തീർത്ഥാടനം നടത്തി. മേഖല ടീം ശാഖ സന്ദർശനം നടത്തി. മേഖലയിൽ ദ്വാരക യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**ബോസ്പാറ**

ലോഗോസ് പരീക്ഷക്ക് 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്കു ക്യാഷ് അവാർഡ് നൽകി. ജപമാല മാസാചരണം നടത്തി. കാഴ്ച വയ്പ് നടത്തി ഫണ്ട് ശേഖരിച്ചു.

**മക്കിയാട്**

എക്സിക്യൂട്ടീവ് കൂടി. ഭവന സന്ദർശനം നടത്തി. രോഗി സഹായം നൽകി. ജപമാല മാസാചരണം നടത്തി മേഖലാ വിസിറ്റ് നടത്തി.

**പറളിക്കുന്ന്**

ഹെൽത്ത് സെന്റർ പള്ളിയും പരിസരവും എന്നിവ വൃത്തിയാക്കി. ജപമാല മാസാചരണം നടത്തി. മേഖല, രൂപത മരിയൻ ക്വിസ്സിൽ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പ്രവർത്തനവർഷ ഉദ്ഘാടനം,

മാർഗരേഖ പ്രകാശനം, അംഗത്വം നവീകരണം എന്നിവ നടത്തി. മൂന്ന് അഗതി മന്ദിരങ്ങൾ സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങൾ നൽകി. രോഗീസന്ദർശനം നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. മാതൃ സംഗമം നടത്തി. സെമിത്തേരി വൃത്തിയാക്കി. ഭിന്നശേഷിക്കാർക്കുള്ള സംഗമത്തിൽ വീടുകളിൽ പോയി സംഭാവന സ്വീകരിച്ചു.

**കൊട്ടിയൂർ**

ജപമാല മാസാചരണം നടത്തി. ബസ് കാത്തിരിപ്പ് കേന്ദ്രം, സെമിത്തേരി എന്നിവ വൃത്തിയാക്കി. അരയങ്ങാട് സ്നേഹഭവനിൽ ഒമ്പതിനായിരം രൂപ സാമ്പത്തിക സഹായം നൽകി. ആക്സിഡന്റ് സംഭവിച്ച ഒരു വ്യക്തിക്ക് വോക്കിങ് സ്റ്റിക്ക് നൽകി.

**തോമാട്ടുചാൽ**

മേഖലാ ജപമാല റാലിയിൽ ആതിഥേയത്വം വഹിച്ചു. രോഗീ സന്ദർശനം, ജില്ലാ ആശുപത്രി സന്ദർശനം, സെമിനാരി വിദ്യാർഥികളെ സന്ദർശനം എന്നിവ നടത്തി.

**കേളകം**

ജപമാല മാസാചരണം നടത്തി. സെമിത്തേരി വൃത്തിയാക്കി. ഉപവാസതുക നൽകി പാവപ്പെട്ടവരെ സഹായിച്ചു. രോഗീ സന്ദർശനം നടത്തി.

**നിലമ്പൂർ**

പ്രവർത്തനവർഷാരംഭം കുറിച്ചു. സെമിത്തേരി വൃത്തിയാക്കി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. വാർഷിക റിപ്പോർട്ട് നൽകി. ജപമാല റാലിയിൽ പങ്കെടുത്തു.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# Logos Quiz 2023 - Results

ലോഗോസ് ക്വിസ് 2023 ന്റെ റിസൾട്ട് Website ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തപ്പോൾ ഉപയോഗിച്ച User Id bpw Password ഉം ഉപയോഗിച്ച് Login ചെയ്തു റിസൾട്ട് ഡൗൺലോഡ് ചെയ്യാവുന്നതാണ്. രൂപതാ തലത്തിൽ വിവിധ ഗ്രൂപ്പുകളിൽ 1,2,3 സ്ഥാനങ്ങൾ ലഭിച്ചവരുടെ പേര് വിവരം ചുവടെ കൊടുക്കുന്നു. ലോഗോസ് ക്വിസ് വിജയപ്രദമായി നടത്താൻ ആവശ്യകമായ സഹായ സഹകരണങ്ങൾ ചെയ്ത എല്ലാവർക്കും ഒത്തിരി നന്ദി. രൂപതയിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്കായി നവംബർ 5 – ന് കോഴിക്കോടു വച്ച് നടത്തപ്പെട്ട സെമി ഫൈനൽ പരീക്ഷയിൽ മെഗാ ഫൈനലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട **കുമാരി സാൻ മരിയ താഴത്തുകരിമ്പനയ്ക്കലിന്** അഭിനന്ദനങ്ങൾ!

## A Group

| | |
|---|---|
| I. Melin Oliparambil -Thariode | 53 Marks |
| I. Johns Manakunnel - Manimooly | 52 Marks |
| II. Catherine Pottanplackal - Irulam | 51 Marks |

## B Group

| | |
|---|---|
| I.San Mariya Thazhathkarimbanakkal - Payyampally | 95 Marks |
| II.Anna Christi Arissery -Paralikunnu | 77 Marks |
| III. Alanta Ozhukayil - Theneri | 69 Marks |

## C Group

| | |
|---|---|
| I. Sr.Helen MLF -Yavanarkulam | 89 Marks |
| II. Dereena Karakada-Muthireri | 86 Marks |
| III. Shona Mathew - Martin Nagar | 83 Marks |

**D Group**

I. Sr.Liz Mathew SH - Bathery 97 Marks
II. Shyla Moonjanattu - Pazhoor 93 Marks
III. Josna Cheruvilaputhenveettil - Palankara
91 Marks

**E Group**

I. Sajimol Kalaparambath - Seethamount 93 Marks
II. Thomas Puthumanamuzhiyil - Palemad 91 Marks
III. Omana Simon - Connoor 89 Marks

**F Group**

I. Annamma Puthiyakunnel - Vythiri 88 Marks
II. Thomas Mangalath - Chungakunnu 85 Marks
III. Chinnamma Kunnathottathil - Manjoora
84 Marks

**Fr. Binu Vadakkel**
Director, Bible Apostolate

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ നവംബർ 3 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രുഷ കർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു. നവംബർ 04 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയ റക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂ ഷയ്ക്കും, ബ്രദർ ജോസ് മാളോല സ്തുതി ആരാധനക്കും, ബഹു. സിസ്റ്റർ സ്മിത CMC, സിസ്റ്റർ ജാൻസി SABS, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

നവംബർ 11 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 01.00 മണി വരെ സ്പിരിചൽ ഷെയറിംഗ് നടത്തി.

നവംബർ 16 മുതൽ 19 വരെ താമസിച്ചുള്ള ആന്തരീകസൗഖ്യ ധ്യാനം നടന്നു.

**ഇടവക ധ്യാനനങ്ങൾ**

നവംബർ 07 മുതൽ 09 വരെ ഏലപ്പീടിക ഇടവകയിലും, 10 മുതൽ 12 വരെ പന്തിപോയിൽ ഇടവകയിലും, 26 മുതൽ 29 വരെ കല്ലുവയൽ ഇടവകയിലും, സീയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തി.

നവംബർ 24 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 01 മണി വരെ സീയോൻ ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി.

മീഡിയ കമ്മീഷൻ, സീയോൻ CRC എന്നീ യൂട്യൂബ് ചാന ലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

NB. *ക്രിസ്തുമസ് നോമ്പുകാല ധ്യാനം*

ഡിസംബർ മാസത്തെ താമസിച്ചുള്ള ധ്യാനം 14 വ്യാഴം 4 മണി മുതൽ 17 ഞായർ 1 മണി വരെ ആയിരിക്കും
For booking : 9544606936
8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ**

ദൈവപുത്രനായ യേശുവിന്റെ തിരുപ്പിറവിക്കായി നാം ഒരുങ്ങുകയാണല്ലോ. ''കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും'' (മത്തായി - 1 :22 -23). യേശുവിന്റെ ജനനത്തോടെ മനുഷ്യ വംശത്തിന് പുതിയ ദിശാബോധം ലഭിച്ചു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുമായി മനുഷ്യവംശം ഒന്നാകുകയായിരുന്നു. ഈ ഒന്നാകലിനായി നാം ഒരുങ്ങണം. ഇന്ന് ലോകത്ത് നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം അകൽച്ചകളാണ്. തന്റെ അയൽവാസിയെ സഹോദരനെപോലെ സ്നേഹിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? അപരന്റെ വേദന നമ്മുടേതായി നാം മാറ്റാറുണ്ടോ? സ്നേഹം പലപ്പോഴും പൊയ്മുഖങ്ങളുടെ പിന്നിലായി മറയുന്നു. മനസ്സുകൾക്ക് നഷ്ടമായ നിഷ്കളങ്കത നാം വീണ്ടെടുക്കണം. അതിലൂടെ നിർമ്മല ഹൃദയരായി ദൈവസന്നിധിയിലേക്ക് നമുക്ക് കയറി ചെല്ലുവാൻ ആകട്ടെ .

**സി.സി. ബോർഡ് യോഗം**

നവംബർ 17ന് രാവിലെ 10. 30 ന് നടവയൽ ഓസാനം ഭവൻ ഹാളിൽ സി.സി. ബോർഡ് യോഗം ചേർന്നു. സി.സി. വൈസ് പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയീംകുഴക്കലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സി. സി. ജനറൽ സെക്രട്ടറി ബ്രദർ ജോസ് മാത്യു മെഴുകനാൽ സ്വാഗതം ആശംസിച്ചു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, ബ്രദർ രാജു വലിയാറ, ബ്രദർ സാജൻ തലച്ചിറ, ബ്രദർ ബെന്നി മാങ്കോട്ട്, ബ്രദർ റോയ് ഗൂഡല്ലൂർ, തുടങ്ങിയവർ സംസാരിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ അനുദിന പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. റിപ്പോർട്ട്, കണക്ക് എന്നിവ യോഗം അംഗീകരിച്ചു. 2024 വർഷത്തെ സെന്റ് വിൻസെന്റ്

ഡി പോൾ സൊസൈറ്റിയുടെ കലണ്ടർ വിതരണം വിജയമാക്കുവാൻ തീരുമാനിച്ചു. ഓസാനാം ഭവന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു. സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**കലണ്ടർ പ്രകാശനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ അച്ചടിച്ച് വിതരണം ചെയ്യുന്ന 2024 വർഷത്തെ കലണ്ടർ പ്രകാശനം ചെയ്തു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പൂടാകം ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേലിന് നൽകിക്കൊണ്ട് കലണ്ടറിന്റെ പ്രകാശന കർമ്മം നിർവഹിച്ചു.

**കൽപ്പറ്റ എ.സി. സംഗമം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൽപ്പറ്റ എ. സി. സംഗമം കൽപ്പറ്റ ഡി പോൾ പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ബ്രദർ ജോർജ് കുപ്പയിലിന്റെ സ്വാഗതത്തോടെ ആരംഭിച്ച യോഗത്തിൽ എ. സി. പ്രസിഡന്റ് സിസ്റ്റർ ടെസ്സി മാത്യു അധ്യക്ഷത വഹിച്ചു. കൽപ്പറ്റ എ. സി. ആധ്യാത്മിക ഉപദേഷ്ടാവായ റവ. ഫാദർ മാത്യു പെരിയപുറം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം സംഘടന കാര്യങ്ങൾ വിവരിച്ചു. സി. സി. റിസോഴ്സ് പേഴ്സൺ ബ്രദർ ആഗസ്റ്റിൻ കൊടിയംകുന്നേൽ നേതൃത്വ പരിശീലന ക്ലാസ് നയിച്ചു. സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ (സി. സി. വൈസ് പ്രസിഡന്റ്), ബ്രദർ തങ്കച്ചൻ മേപ്പാടത്ത് ( സി. സി. സഹ രക്ഷാധികാരി) സിസ്റ്റർ സിസിലി മാത്യു പഴയമഠം (വനിത പ്രതിനിധി), എന്നിവർ ആശംസകൾ അർപ്പിച്ചു. കോൺഫറൻസുകളുടെ റിപ്പോർട്ടിംഗ് നടത്തി. ബ്രദർ മാത്യു തുറവേലിക്കുന്നേൽ (ട്രഷറർ കൽപ്പറ്റ എ.സി) നന്ദി പ്രകാശിപ്പിച്ചു .

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

**പങ്കുവെയ്ക്കൽ മനോഭാവം വളർത്തണം - മാർ അലക്സ് താരാമംഗലം**

മനുഷ്യൻ പങ്കുവെക്കൽ മനോഭാവത്തിലേക്ക് വളരണമെന്നും സഹജീവികളോട് കരുണ കാണിക്കണമെന്നും മാർ അലക്സ് താരാമംഗലം. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റുമായി സഹകരിച്ച് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ അമരക്കുനിയിൽ കുന്നുംപുറത്ത് ലിസിക്കും കുടുംബത്തിനും നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പും താക്കോൽദാനവും നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യൻ സമ്പത്ത് കൂട്ടിവെക്കാതെ മറ്റുള്ളവർക്ക് വേണ്ടി പങ്കുവെച്ചാൽ സമൂഹത്തിൽ ഭവനരഹിതരോ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവരോ ഉണ്ടാകില്ലെന്നും, സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ ചെയ്യുന്നത് ഇത്തരത്തിൽ മഹനീയമായ പ്രവർത്തനമാണെന്നും പിതാവ് കൂട്ടിച്ചേർത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കുവൈറ്റ് സീറോ മലബാർ കൾച്ചറൽ സൊസൈറ്റിയുമായി സഹകരിച്ച് ഈ വർഷം പൂർത്തീകരിച്ച നാലാമത്തെ ഭവനം ആണിത്. ഏഴ് ലക്ഷം രൂപയാണ് ധനസഹായമായി ലഭിച്ചത്. ഇത് ഉപയോഗിച്ച് 550 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഭവനം ആണ് നിർമ്മിച്ചത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ് ഭാരവാഹികളായ ശ്രീ. വിൽസൺ വടക്കേടത്ത്, അജോഷ് ആന്റണി, ഡേവിസ് കോളാട്ടുകുടിയിൽ, അമരക്കുനി സെന്റ് ജൂഡ് ചർച്ച് വികാരി റവ. ഫാ. ജെയിംസ് മാങ്കോട്ടിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**സുവർണ്ണ ജൂബിലി വികസന പദ്ധതികൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഈ മാസം വിവിധ പദ്ധതികൾക്കുള്ള അപേ

ക്ഷകൾ സ്വീകരിച്ചു. സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് ചുരുങ്ങിയത് 25 ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് ചുരുങ്ങിയത് 25 ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഇറ്റാലിയൻ ബിഷപ്സ് കോൺ ഫറൻസുമായി സഹകരിച്ച് 200 കുടുംബങ്ങളിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ബയോവിൻ അഗ്രോ റിസേർച്ചുമായി സഹകരിച്ച് 100 പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കുന്നതിനും മാനന്തവാടി പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുമായി സഹകരിച്ച് ചുരുങ്ങിയത് 100 പേർക്ക് കൃഷി, ഭവന നിർമ്മാണം എന്നിവയ്ക്ക് വായ്പ കൊടുക്കുന്നതിനും വേണ്ടിയുള്ള പദ്ധതി കൾക്കാണ് ഈ മാസം അപേക്ഷ സ്വീകരിച്ചത്.

**പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് അംഗീകാരം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ 30 ആദിവാസികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിന് അംഗീകാരം ലഭിച്ചു. ലാറ്റിൻ അമേരിക്ക ആസ്ഥാന മായി പ്രവർത്തിക്കുന്ന സെലാവിപ്പ് എന്ന ഏജൻസി ആണ് പുതിയ ഭവനം നിർമ്മിക്കുന്നതിന് ഭാഗികമായ സഹായം അനുവദിച്ച് തന്നത്. ഈ പദ്ധതിയിലേക്ക് ആവശ്യമായ ഗുണഭോക്താക്കളുടെ തിര ഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്.

**സുരക്ഷ ക്യാമ്പയിൻ**

പ്രധാനമന്ത്രി പ്രഖ്യാപിച്ച സാമൂഹ്യ സുരക്ഷാ പദ്ധതികളായ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നീ പദ്ധതികളിൽ ജില്ലയിലെ മുഴുവൻ അർഹരായ വ്യക്തികളെയും അംഗങ്ങൾ ആക്കുന്നതിനുള്ള ഒരു ബൃഹത്തായ ക്യാമ്പയിൻ നബാർഡ്, ലീഡ് ബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ നടന്ന് വരികയാണ്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഈ പദ്ധതിയോട് സജീവമായി സഹ കരിച്ച് വരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ അംഗങ്ങളായ മുഴുവൻ ആളുകളെയും ഈ പദ്ധതികളിൽ ഇതിനോടകം അംഗങ്ങളാക്കി. കൂടാതെ ജില്ലാ ഭരണകൂടം തവിഞ്ഞാൽ ഗ്രാമപഞ്ചായ ത്തിലെ അർഹരായ മുഴുവൻ കുടുംബങ്ങളെയും അംഗങ്ങൾ ആക്കുന്നതിനുള്ള ഉത്തരവാദിത്വം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിക്കുകയുണ്ടായി. ഏകദേശം രണ്ട് മാസം നീണ്ടു

നിന്ന തീവ്ര പരിശ്രമത്തിലൂടെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലെയും അർഹരായ മുഴുവൻ വ്യക്തികളെയും സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫീൽഡ് കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ജിനി ഷിനു എന്നിവർക്ക് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**മെഗാ ലോൺ മേള നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച് സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങൾക്ക് ഭവന നിർമ്മാണം, കൃഷി, മൃഗസംരക്ഷണം, ബിസിനസ്, വിദ്യാഭ്യാസം, വിവിധ സംരംഭങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുമായി സഹകരിച്ച് മെഗാലോൺ മേള നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ലോൺ മേള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് വയനാട് ജില്ലാ റീജിയണൽ മാനേജർ ജോൺസൺ ടി. ജെ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സെക്രട്ടറി രഞ്ജിത്ത് വി. വിഷയാവതരണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അസിസ്റ്റന്റ് സെക്രട്ടറി ഗോകുൽ കൃഷ്ണൻ എന്നിവർ സംസാരിച്ചു. പരിപാടിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, റ്റുബിൻ ജിപ്സൺ, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി. 120 സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**സുസ്ഥിര വികസന ശില്പശാല നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന കെ. എഫ്. ഡബ്ള്യു സോയിൽ പദ്ധതിയുടെ ഭാഗമായി

സുസ്ഥിര വികസന ശില്പശാല നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മട്ടിലയം നീർത്തട വികസന സമിതിയും സംയുക്തമായി കഴിഞ്ഞ നാല് വർഷമായി മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കെ.എഫ്. ഡബ്ള്യു സോയിൽ പ്രൊജക്റ്റ് എന്ന പേരിൽ നടപ്പിലാക്കിയ സമഗ്ര നീർത്തട വികസന പദ്ധതി പൂർത്തിയായിരിക്കുകയാണ്. ഈ പദ്ധതിയിലൂടെ നാളിതുവരെ വികസിപ്പിച്ചെടുത്ത നിർമ്മിതികളും ആസ്തികളും, വരുന്ന പത്തു വർഷക്കാലത്തേക്കെങ്കിലും സുസ്ഥിരമായി എങ്ങനെ നിലനിർത്താം എന്ന് ആസൂത്രണം ചെയ്യുന്നതിന് വേണ്ടിയാണ് സുസ്ഥിര വികസന ശില്പശാല നടത്തിയത്. ശില്പശാല തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ബിന്ദു മണപ്പാട്ടിൽ ഉദ്ഘാടനം ചെയ്തു. മട്ടിലയം നീർത്തട വികസന സമിതി പ്രസിഡണ്ട് പി. വെള്ളൻ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. എം. എസ് സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ സയന്റിസ്റ്റ് ജോസഫ് ജോൺ, തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ചന്തു മാസ്റ്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ ജോസ്, മട്ടിലയം നീർത്തട വികസന സമിതി സെക്രട്ടറി ബാബു മാസ്റ്റർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു. നീർത്തട വികസന പദ്ധതിയിലൂടെ വികസിപ്പിച്ചെടുത്ത ജല മണ്ണ് സംരക്ഷണ പദ്ധതികൾ എങ്ങനെ സുസ്ഥിരമായി നിലനിർത്താം എന്ന വിഷയത്തിൽ റിട്ടയേർഡ് കൃഷി ഓഫീസർ പവിത്രൻ മാവിലായി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ശില്പശാലയിൽ ജനപ്രതിനിധികൾ, നീർത്തട വികസന സമിതി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, നീർത്തട സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

പൊർലോം നീർത്തടത്തിൽ നടത്തിയ ശില്പശാല വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് മെമ്പർ വി. ടി അരവിന്ദാക്ഷൻ അദ്ധ്യക്ഷത വഹിച്ചു. എം. എസ് സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ സയന്റിസ്റ്റ് ജോസഫ് ജോൺ, വയനാട് സോഷ്യൽ സർവ്വീസ്

സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി എ, പൊർലോം നീർത്തട വികസന സമിതി പ്രസിഡണ്ട് ബെന്നി നമ്പുശ്ശേരി, സെക്രട്ടറി വി. ടി അനിൽകുമാർ, പ്രോഗ്രാം കോഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**ഓൺലൈൻ മീറ്റിംഗ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബിന്ദി ഇന്റർനാഷണൽ എന്ന ഏജൻസിയുമായി സഹകരിച്ച് യു. എൻ വിമണിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയെ കുറിച്ച് ആസൂത്രണം ചെയ്യുന്നതിന് നടത്തിയ ഓൺലൈൻ മീറ്റിംഗിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എന്നിവർ പങ്കെടുത്തു. വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് കർഷകരുടെ ഉന്നമനത്തിനായുള്ള ഒരു നൂതന പദ്ധതിയാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യം ഇടുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2023 ഡിസംബർ മാസത്തിൽ ആരംഭിക്കും.

**സുസ്ഥിര വികസന പരിശീലന പരിപാടിയിൽ പങ്കെടുത്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ നാല് വർഷമായി നടപ്പിലാക്കി വന്നിരുന്ന മട്ടിലയം, പൊർലോം നീർത്തട വികസന പദ്ധതികൾ അവസാനിച്ചിരിക്കുകയാണ്. തുടർന്നും ഈ പദ്ധതിയുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി നബാർഡ് കൽപ്പറ്റ സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിൽ വെച്ച് നടത്തിയ 07 ദിവസത്തെ പരിശീലന പരിപാടിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും പ്രോഗ്രാം ഓഫീസർ ജോസ് പി. എ, കോ-ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, ഫീൽഡ് കോഡിനേറ്റർമാരായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ എന്നിവർ പങ്കെടുത്തു. കൂടാതെ മട്ടിലയം, പൊർലോം നീർത്തട വികസന സമിതി ഭാരവാഹികളും പരിശീലനത്തിൽ പങ്കെടുത്തു.

**ജനകീയ ശ്രമദാനത്തിൽ നീരുറവ പുന:രുജീവിപ്പിച്ചു**

ദശാബ്ദങ്ങൾക്ക് മുമ്പ് കുടിവെള്ളം രൂക്ഷമായിരുന്ന കാലത്ത് അനേകം കുടുംബങ്ങൾക്ക് കുടിവെള്ള സ്രോതസ്സായിരുന്ന തിരുനെല്ലി

ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് ഉള്ള വിദ്യാഗോപുരം നീരുറവ ജനകീയ ശ്രമദാനത്തിൽ പുനഃരുജീവിപ്പിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മുള്ളൻകൊല്ലി നീർത്തട വികസന സമിതിയും സംയുക്തമായി നടപ്പിലാക്കി വരുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ നീരുറവ പൂർവ്വ സ്ഥിതിയിലേക്ക് മാറ്റിയത്. പതിനഞ്ച് വർഷം മുമ്പ് വരെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ ഉൾപ്പെടുന്ന മുപ്പതോളം കുടുംബങ്ങളുടെ മുഖ്യ കുടിവെള്ള സ്രോതസ് ആയിരുന്നു വിദ്യാഗോപുരം കുടുംബങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഈ നീരുറവ. വർഷം മുഴുവൻ ശുദ്ധമായ കുടിവെള്ളം നൽകി വന്നിരുന്ന ഈ നീരുറവ കാലക്രമത്തിൽ നാശമടഞ്ഞു. മണ്ണും മറ്റ് മാലിന്യങ്ങളും അടിഞ്ഞ്കൂടി പൂർണ്ണമായി നശിച്ച നീരുറവയാണ് ജനകീയ ശ്രമദാനത്തിലൂടെ പുനഃരുജീവിപ്പിച്ചത്. ശ്രമദാന പരിപാടിയുടെ ഉദ്ഘാടനം തിരുനെല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ സിജിത്ത് കുമാർ നിർവ്വഹിച്ചു. തിരുനെല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ ബേബി മാസ്റ്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, നീർത്തട സമിതി പ്രസിഡണ്ട് സുനിൽകുമാർ, സെക്രട്ടറി രാജേഷ് കൃഷ്ണ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു. ശ്രമദാനത്തിന് മലപ്പുറം ശ്രീ വിവേകാനന്ദ പഠനകേന്ദ്രം ആർട്സ് ആൻഡ് സയൻസ് കോളേജ് എം. എസ്. ഡബ്ല്യു വിദ്യാർത്ഥികൾ, മുള്ളൻകൊല്ലി നീർത്തട വികസന സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS) യോഗങ്ങൾ, സെമിനാറുകൾ**

എടയൂർക്കുന്ന്, കമ്മന, ഒണ്ടയങ്ങാടി, മഞ്ഞൂറ, കണിയാമ്പറ്റ, ദ്വാരക, പയ്യംപള്ളി, കോട്ടത്തറ, കുറുമണി, പട്ടാണിക്കൂപ്പ്, ശിശുമല, മരകാവ്, സീതാമൗണ്ട്, അമരക്കുനി, ആടിക്കൊല്ലി, തവിഞ്ഞാൽ, തലപ്പുഴ, കല്ലോടി, പോരൂർ, വലിയകൊല്ലി, അരിഞ്ചേർമല, ആലാറ്റിൽ, മംഗലശ്ശേരി, ജൂഡ്സ്മൗണ്ട് എന്നീ യൂണിറ്റുകളിൽ SWS മീറ്റിംഗുകൾ നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം

ഓഫീസർ പി.എ ജോസ്, റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘ രൂപീകരണം**

എടയൂർക്കുന്ന്, പെരുവക, മാനന്തവാടി, മക്കിക്കൊല്ലി, യവനാർ കുളം, വീട്ടിമൂല, ആനപ്പാറ, വെട്ടിക്കകവല എന്നിവിടങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ് നിർമ്മാണ പരിശീലനം**

എരുമത്തെരുവ്, ക്ലബ്കുന്ന്, കയ്യൂന്നി, വീട്ടിമൂല, കൈതക്കൊല്ലി എന്നിവിടങ്ങളിൽ നടത്തിയ സോപ്പ് നിർമ്മാണ പരിശീലനത്തിന് ഫീൽഡ് കോഡിനേറ്റർമാരായ ആലീസ് സിസിൽ, ജിനി ഷിനു, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

ജീവസ് & കെ. എൽ. എം സാമൂഹ്യ സുരക്ഷ ക്യാമ്പയിനുകളും അവബോധപ്രോഗ്രാമുകളും ഇടവകതലത്തിൽ നല്ലരീതിയിൽ നടന്നു വരുന്നു. ഇടവക വികാരി അച്ചന്മാർ ഏറെ താത്പര്യത്തോടെ പ്രവർത്തനങ്ങൾക്ക് പിന്തുണയും പ്രോത്സാഹവും നൽകുന്നുണ്ട്. എല്ലാ വൈദികരേയും നന്ദിപൂർവ്വം ഓർക്കുന്നു.

**പറളിക്കുന്ന്, സമ്പൂർണ്ണ സുരക്ഷിത ഇടവക**

എല്ലാ കുടുംബങ്ങൾക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ് എന്ന ആശയവുമായി രൂപതയിലെ ആദ്യത്തെ സമ്പൂർണ്ണ സുരക്ഷിത ഇടവകയായി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പറളിക്കുന്ന്. ഒക്ടോബർ 21 ന് ഇടവകയിൽ സംഘടിപ്പിച്ച ക്യാമ്പ് വികാരി ഫാ. തോമസ് ജോസഫ് തേരകം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, KLM രൂപതാ പ്രസിഡണ്ട് ബിജു പോൾ, കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. പോസ്റ്റൽ ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റ്, ഫിനാൻഷ്യൽ ലിറ്ററസി വിഭാഗം ജീവനക്കാർ എന്നിവർ അംഗത്വ പ്രക്രിയകൾ പൂർത്തീകരിക്കാൻ സഹായിച്ചു. വിവിധ ക്ഷേമനിധികൾ, ഇൻഷൂറൻസ് സ്കീമുകൾ എന്നിവയിൽ എല്ലാ കുടുംബങ്ങളിൽ നിന്നും ഒരു വ്യക്തിയെങ്കിലും ഉണ്ടെന്ന് ഉറപ്പു വരുത്തി. വികാരിയച്ചന്റെ താത്പര്യവും നേതൃത്വവുമാണ് ഈ പ്രവർത്തനത്തെ വിജയത്തിലേക്ക് നയിച്ചത്. എല്ലാവരെയും പ്രത്യേകം അഭിനന്ദനമറിയിക്കുന്നു.

**ബോധവത്ക്കരണ പ്രോഗ്രാമുകൾ**

പുതുശ്ശേരിക്കടവ്, ചെറുകാട്ടൂർ, ശിശുമല ഇടവകകളിൽ സമ്പൂർണ്ണ സുരക്ഷിത ഇടവക ക്യാമ്പയിനെ കുറിച്ച് സെമിനാർ നടന്നു. പുതുശ്ശേരിക്കടവിൽ വികാരി ഫാ. പോൾ ഇടയകൊണ്ടാട്ട്, ചെറുകാട്ടൂരിൽ വികാരി ഫാ. ജോസ് കപ്യാരുമലയിൽ, ശിശുമലയിൽ ഫാ. ബിജു മാവറ എന്നിവർ സെമിനാറുകൾ ഉദ്ഘാടനം ചെയ്തു. ജീവസ് & കെ. എൽ. എം രൂപതാ ഡയറക്ടർ ക്ലാസുകൾ നയിച്ചു. ശിശുമലയിൽ മൂന്ന് കുർബാനകൾക്ക് ശേഷവും ക്ലാസ് നടത്തി എല്ലാ

കുടുംബനാഥന്മാരും നാഥന്മാരും സെമിനാറിൽ പങ്കെടുത്തുവെന്ന് വികാരിയച്ചൻ ഉറപ്പു വരുത്തി. മൂന്ന് ഇടവകയിലും ക്യാമ്പ് നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

**രൂപതാ ടീം മീറ്റിംഗ്**

രൂപതാ റിസോർസ് അംഗങ്ങളുടെയും സർവ്വീസ് ടീം അംഗങ്ങളുടെയും യോഗം നവംബർ 12 ന് WSSS ഓഫീസിൽ ചേർന്ന് ക്ലാസുകൾ ഒരുങ്ങുകയും പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

**പാരീഷ് കോഡിനേറ്റേർസ്**

ഇടവകാതല പ്രവർത്തനങ്ങൾ കോഡിനേറ്റ് ചെയ്യുന്നതിനായി ഇടവകകളിൽ നിന്നും വികാരിയച്ചന്മാർ ഒരു വ്യക്തിയെ നിയമിച്ച് തന്നുകൊണ്ടിരിക്കുന്നു. ഡിസംബർ മാസത്തിൽ ഇവർക്കുള്ള ഏകദിന പരിശീലനം മാനന്തവാടിയിലും മണിമൂളിയിലുമായി നടത്തുവാൻ ആഗ്രഹിക്കുന്നു.

**രജിസ്ട്രേഷൻ**

30-10-2023 ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസിൽ 23 പേരുടെ ക്ഷേമനിധി രജിസ്ട്രേഷൻ നടന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ അംഗത്വമെടുത്തവരുടെ പുതുക്കൽ നടപടി തുടങ്ങി. പുതുക്കുന്നതിനുള്ള കാലയളവ് 2024 ജനുവരി 30 ആണ്.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**ആമുഖം**

സാമൂഹികവും,സാംസ്കാരികവും,സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

## 1. NABARD JOINT LIABILITY GROUP FORMATION (JLG)

**ബോധവത്ക്കരണ ക്ലാസ്സ്:** നീലഗിരി ഡെവലപ്മെന്റ് സെസൈറ്റി വിമലഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 09.11.2023 ന് നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജോയിൻറ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG) രൂപീകരണത്തെകുറിച്ചുള്ള ബോധവത്ക്കരണക്ലാസ് നടത്തപ്പെടുകയുണ്ടായി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റിന്റെ പ്രതിനിധികളും അംഗങ്ങളും ഈ പരിശീലന പരിപാടികളിൽ പങ്കെടുത്തു. പരിശീലനങ്ങൾക്ക് NDS ന്റെ യൂണിറ്റ് ഡയറക്ടർ ഫാ. റെജി മുതുകത്താനിയിൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികളായ സാലി തൊണ്ണംമാക്കൽ, ജോസ് ചക്കാലക്കൽ എന്നിവർ സംസാരിച്ചു.

## BANK VISIT

06.11.2023 ന് NDS സ്റ്റാഫ് ജൂഡ് മാർട്ടിൻ ചേരമ്പാടി, എരുമാട് കാനറാ ബാങ്കുകളിൽ പോയി മാനേജർമാരെ കാണുകയും JLG മുഖാന്തിരം അനുവദിക്കുന്ന ലോണുകളുടെ പലിശ നിരക്കിനെ കുറിച്ച് അന്വേഷിക്കുകയും, ആ വിവരം യൂണിറ്റുകളെ അറിയിക്കുകയും ചെയ്തു.

## MONTHLY REPORT SUBMISSION

നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരി

ക്കുന്ന Joint Liability Group കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു മാസം NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് 06.11.2023 ന് കോയമ്പത്തൂർ നബാർഡ് DDM ന്റെ ഓഫീസിലേക്ക് അയച്ചുകൊടുത്തു.

**2. NABARD LEDP PROGRAMME**

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന LEDP പ്രോഗ്രാമിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ നേതൃത്വത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്തു.

**PMEGP ലോൺ തിരിച്ചടവ്**

നബാർഡിന്റെ LEDP ട്രെയിനിംഗിൽ പങ്കെടുത്ത് ആടുകളെ മേടിച്ച് അതിലൂടെ ഒരു വരുമാന മാർഗ്ഗത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർ വിവിധ ബാങ്കുകളിൽനിന്നുമായി PMEGP സ്കീമിലൂടെ എടുത്ത 97 ലോണുകളുടെ തിരിച്ചടവ് കൃത്യമായി നടത്തി വരുന്നു. തിരിച്ചടവ് ഇനത്തിൽ 1950133.00 (പത്തൊൻപതു ലക്ഷത്തി അമ്പതിനായിരത്തി നൂറ്റി മുപ്പത്തിമൂന്ന്) രൂപ ഇതുവരെ ബാങ്കുകളിൽ ചെലുത്തി.

**LEDP QUARTERLY REPORT**

നബാർഡിന്റെ LEDP പ്രോഗ്രാമിന്റെ ഭാഗമായി NDS നടപ്പിലാക്കിയ ഉപഭോക്താക്കൾക്കുവേണ്ടിയുള്ള റിഫ്രഷ്മെന്റ് പ്രോഗ്രാം, PMEGP സ്കീമിലൂടെ എടുത്ത 97 ലോണുകളുടെയും തിരിച്ചടവ് വിവരങ്ങൾ, ആടിനെ മേടിച്ച് അതിന്റെ ഇൻഷൂറൻസ് പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട്, വെറ്റിനറി ഡോക്ടർമാരുടെയും, NDS സ്റ്റാഫംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തിയ നേരിട്ടുള്ള സന്ദർശങ്ങൾ മുതലായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 3 മാസത്തെ പ്രവർത്തന റിപ്പോർട്ടും, ഫോട്ടോസും 06.11.2023 ന് കോയമ്പത്തൂർ നബാർഡ് DDM ന്റെ ഓഫീസിലേക്ക് അയച്ചുകൊടുത്തു.

**3. NABARD WATERSHED DEVELOPMENT PROGRAMME**

ചെന്നൈ ഓഫീസ് സന്ദർശനം: നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed Development Programme ന്റെ ഭാഗമായി ചെന്നൈയിലുള്ള Tamilnadu Watershed Development Agency ഓഫീസ് സന്ദർശിക്കുകയും,

No Objection Certificate (NOC) നേടിയെടുക്കുന്നതിനുള്ള കാര്യങ്ങളെക്കുറിച്ച് ചോദിച്ചറിയുകയും ചെയ്തു.

31.10.2023 ന് NABARD Watershed പ്രോഗ്രാമിനുള്ള അനുവാദം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് NDS സ്റ്റാഫ് അംഗം ജൂഡ് മാർട്ടിൻ കോയമ്പത്തൂരുള്ള നബാർഡ് DDM ഓഫീസിൽ സന്ദർശനം നടത്തുകയും DDM മുമായി സംസാരിക്കുകയും ചെയ്തു.

**4. SAVE A FAMILY PROGRAMME - FIELD VISIT AND DATA COLLECTION**

NDS ന്റെ ഭാഗമായി നടപ്പിലാക്കുവാനിരിക്കുന്ന SAFP പ്രോഗ്രാമിന്റെ ഭാഗമായി NDS സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിനും, ജോഷിയും 20.10.2023 ന് പൊന്നാനി, ഉപ്പട്ടി, കുന്നലാടി പ്രദേശത്തും, 21.10.2023 ന് കൽപ്രയിലും, 01.11.2023 ന് കുറിഞ്ചിനഗറിലും, 04.11.2023ന് മണ്ണുവയൽ ഭാഗത്തും, 07.11.2023 ന് ദേവാല, അമ്പലമൂല, അയ്യംകൊല്ലി പ്രദേശങ്ങളിലും, 08.11.2023 ന് കരിയശോലയിലും, 11.11.2023 ന് ഉപ്പട്ടി, ചേലക്കുന്ന് ഭാഗങ്ങളിലും, 14.11.2023 ന് അയ്യംകൊല്ലി അമ്പലമൂല പ്രദേശങ്ങളിലും 15.11.2023 ന് ചത്തക്കൊല്ലി, രണ്ടാം റേഞ്ച് ഭാഗങ്ങളിലും സന്ദർശനം നടത്തി. ഈ പ്രദേശങ്ങളിലെ അംഗൻവാടി ടീച്ചർമാരുടെയും, സ്കൂൾ അധ്യാപകരുടെയും, വില്ലേജ് ഹെൽത്ത് നേഴ്സുമാരുടെയും സഹായത്തോടെ പദ്ധതിയെക്കുറിച്ച് വിവരിക്കുകയും, യോഗ്യരായവരെ കണ്ടെത്തി അവരുടെ വിവിവരശേഖരണം (ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് etc.) നടത്തുകയും ചെയ്തു.

**5. STAFF MEETING**

04.11.2023 ന് രാവിലെ 9:30ന് NDS ഡയറക്ടർ ബിനോയ് അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനൂപ്, സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC എന്നിവരും മീറ്റിംഗിൽ പങ്കെടുത്തു. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി. NDS ഭാരതിനഗർ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന Paper and Cloth Bag Making unit സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചു. SAFP പ്രോഗ്രാമിന്റെ ഭാഗമായുള്ള ഫീൽഡ് സന്ദർശനവും വിവരശേഖരണവും നവംബർ 20 നുള്ളിൽ പൂർത്തിയാക്കണമെന്ന് അച്ചൻ

നിർദ്ദേശിച്ചു. NABARD Watershed പ്രോജക്ട്ടിനെകുറിച്ചും അതിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി. അതോടൊപ്പം NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുകയും കർമ്മ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**5. യൂണിറ്റ് ഓഡിറ്റിംഗ്**

04.11.2023 ശനിയാഴ്ച്ച കൽപ്ര യൂണിറ്റിന്റെയും, സ്വാശ്രയ സംഘങ്ങളുടെയും ഓഡിറ്റിംഗ് കൽപ്ര യൂണിറ്റിൽവെച്ച് നടത്തപ്പെടുകയുണ്ടായി. ഓഡിറ്റിംഗിന് NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, യൂണിറ്റ് സി. ഒ ശ്രീമതി ലൂസി എന്നിവർ നേതൃത്വം നല്കി.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക സെമിനാറുകൾ സംഘടിപ്പിച്ചു**

ഫെയർട്രേഡ്, ഓർഗാനിക് മാനദണ്ഡങ്ങൾ, ഉത്പന്ന സംഭരണം-സംസ്കരണം-വിപണനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി മരകാവ്, കണിയാരം, പുൽപള്ളി, പടമല, വെള്ളമുണ്ട എന്നിവിടങ്ങളിൽ വച്ച് കർഷക സെമിനാറുകൾ സംഘടിപ്പിച്ചു. മുന്നൂറോളം കർഷകർ പങ്കെടുത്ത യോഗങ്ങളിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, പർച്ചേസ് മാനേജർ ശ്രീ.ഷാജി ജോസ് എന്നിവർ പങ്കെടുക്കുകയും എ ഇ ഓ മാരായ ശ്രീ. അമൽ ഷാ, ശ്രീമതി സുജ ജോയ്, ശ്രീമതി ലിനി അലക്സ്, ശ്രീമതി ടിന്റു ബിനു,

ശ്രീ. ഐവിൻ ജോസ് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര - ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

02 ICSകളിൽ (മുട്ടിൽ, മൂപ്പൈനാട്) ഉത്പന്നങ്ങൾ അമേരിക്കൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ എക്കോസേർട്ടിൽ നിന്നുള്ള ഓഡിറ്റർ ശ്രീ. വിഘ്നേഷ്, ഓഡിറ്റിന് നേതൃത്വം നൽകി.

**കഫെ, വൊഫ സംഘടനകളുടെ എക്സിക്യൂട്ടീവ് യോഗം നടന്നു.**

2023 ഒക്ടോബർ മൂന്നിന് കഫെ, വൊഫ സംഘടനകളുടെ എക്സിക്യൂട്ടീവ് യോഗം നടന്നു. ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന വൊഫ യോഗത്തിൽ വൊഫ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിക്കുകയും സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റത്തിൽ സ്വാഗതമാശംസിക്കുകയും ചെയ്തു. ബൈലോ ഭേദഗതി, പൊതുയോഗം ചേരുന്നതിനാവശ്യമായ

തീയ്യതി നിശ്ചയിക്കൽ, തറവില , ഉത്പന്ന സംഭരണം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും പൊതുയോഗത്തിൽ വിശദമായ ചർച്ചക്കയ്ക്കൊടുവിൽ തീരുമാനത്തിലെത്താമെന്ന ധാരണയിൽ യോഗം പിരിയുകയും ചെയ്തു.

കഫെ എക്സിക്യൂട്ടീവ് യോഗത്തിൽ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അധ്യക്ഷനാവുകയും, സെക്രട്ടറി ശ്രീ. കുര്യാച്ചൻ സി. വി. സ്വാഗതമാശംസിക്കുകയും ചെയ്തു. പ്രത്യേക പൊതുയോഗത്തിന്റെ ദിവസം നിശ്ചയിക്കുകയും, പൊതുയോഗത്തിൽ അവതരിപ്പിക്കുവാനുള്ള വിഷയങ്ങളിൽ ചർച്ച നടത്തുകയും ചെയ്തു. കഫേ ഓഫീസ് പന്തിപ്പൊയിൽ നിന്നും ദ്വാരകയിലേക്ക് മാറ്റുവാൻ യോഗം തീരുമാനിച്ചു.

പ്രത്യേക പൊതുയോഗം യഥാക്രമം കഫെ നവംബർ 15, വൊഫ നവംബർ 16 എന്നീ തീയ്യതികളിലായി നടത്തുവാൻ തീരുമാനിച്ചു.

ബാംഗ്ലൂരിൽ വച്ച് കോഫിബോർഡ് സംഘടിപ്പിക്കുന്ന കാപ്പി ശാസ്ത്ര ശില്പശാലയിലേക്ക് ശ്രീ. ലൻസ് ഫിലിപ്പ് ശ്രീ. ക്രിസ്റ്റി ബെന്നി, ശ്രീ. തേജസ് എന്നിവരെ നാമനിർദേശം ചെയ്യുകയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**ഫെയർട്രേഡ് ജർമ്മനി പ്രതിനിധികൾ സന്ദർശിച്ചു**

ഒക്ടോബർ പത്താം തീയ്യതി ഫെയർട്രേഡ് ജർമ്മനി പ്രതിനിധികൾ കഫെയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുവാനായി ബയോവിൻ സന്ദർശിച്ചു. ഫെയർട്രേഡ് ജർമ്മനി സപ്ലൈ ചെയിൻ മാനേജർ ശ്രീമതി. അന്ന മരിയ, നെറ്റ് വർക് ഓഫ് ഏഷ്യ പസഫിക് ഫെയർട്രേഡ് പ്രൊഡ്യൂസേഴ്സ് (NAAP) കൺസൾട്ടന്റ് ശ്രീമതി ദീപ്തി എന്നിവരാണ് സന്ദർശിച്ചത്. കഫെയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**സംഭരണം**

ഒക്ടോബർ മാസം കർഷകരിൽ നിന്നും ജൈവ – ഫെയർട്രേഡ് കാപ്പി കിലോയ്ക്ക് 133 രൂപ നിരക്കിൽ 84000 കിലോ സംഭരിച്ചു

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില

ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ശിശുദിനാചരണം**

ശിശുദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി പ്രോഗ്രാമുകൾ കുട്ടികളുടെ നേതൃത്വത്തിൽ അവതരിപ്പിച്ചു. ദ്വാരക എ.യു.പി സ്കൂൾ വിദ്യാർത്ഥികളായ ഐശ്വര്യ പി. എസ്, അലന മേരി ഷിബു, വേദിക ലോകേഷ്, സഹദിയ ഫാത്തിമ, റിദ ഫാത്തിമ, മുഹമ്മദ് റാസിൻ, അദിൻ മരിയ ബിജു, ബ്ലെസ്സി എലിസബത്ത് എന്നീ കുട്ടികളാണ് അവതാരകരായി എത്തിയത്. സല്ലാപം, പത്രശബ്ദം, ചുറ്റുവട്ടം, മാറ്റൊലി ഫ്ളാഷ്, പരിപാടികളേക്കുറിച്ചുള്ള അറിയിപ്പുകൾ, ശിശുദിനവുമായി ബന്ധപ്പെട്ട നുറുങ്ങുകൾ, ആശംസകൾ എന്നിവയാണ് കുട്ടികൾ അവതരിപ്പിച്ചത്. ദ്വാരക എ. യു. പി സ്കൂൾ അധ്യാപിക സിസ്റ്റർ ബിജി പോൾ സി. എം. സി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ദ്വാരക എസ്.എച്ച് നഴ്സറി സ്കൂളിലെ വിദ്യാർത്ഥികളും മഞ്ചാടിക്കൂട്ടം എന്ന പേരിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

നവം.12 ന് ദീപാവലി ദിനത്തിൽ കലാഭവൻ മണിയുടെ ശബ്ദത്തിൽ ഗാനങ്ങളാലപിക്കുന്ന ഏൽദോ പോത്തുകെട്ടി പങ്കെടുത്ത പ്രത്യേക സല്ലാപം ഫോൺ ഇൻ പരിപാടി അവതരിപ്പിച്ചു.

ലോക പ്രമേഹദിനാചരണത്തിന്റെ ഭാഗമായി നവം. 15 ന് പ്രമേഹം അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ കൺസൾട്ടന്റ് ഫിസിഷ്യൻ ഡോ. ഗോകുൽദേവ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

നവം.1 ന് കേരളപ്പിറവിയുടേയും വയനാട് പിറവിയുടേയും വിവിധ പ്രോഗ്രാമുകളും ജനപ്രതിനിധികളുടെ ആശംസകളും പ്രക്ഷേപണം ചെയ്തു.

**പങ്കാളിത്തം**

ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ.എ റഷീദിന്റെ അധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ഒക്ടോബർ 28 ന് നടന്ന മൈനോറിറ്റി കമ്മീഷൻ സിറ്റിംഗിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**സന്ദർശനം**

മിൽമപാൽ സംഭരണ വിഭാഗം ജില്ലാമേധാവി ബിജു സ്കറിയ നവം.03 ന് മാറ്റൊലി സന്ദർശിച്ചു.പ്രോഗ്രാം റെക്കോർഡ് ചെയ്തു.

**പഠന സന്ദർശനം**

പത്തനംതിട്ട മുസ്ലിയാർ കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിയിലെ 36 വിദ്യാർത്ഥികൾ ഒക്ടോബർ 21 നും എടത്തൊട്ടി ഡീ പോൾ ആർട്സ് ആന്റ് സയൻസ് കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ 25 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

നവം. 4 ന് ജെ. ഡി. റ്റി. ഇസ്ലാം കോളേജ് വിദ്യാർത്ഥികളും പന്തളം എൻ. എസ്. എസ് കോളേജ് വിദ്യാർത്ഥികളും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. 16 ന് പിലാത്തറ സെന്റ് ജോസഫ്സ് കോളേജ് വിദ്യാർത്ഥികളും 17 ന് നാദാപുരം വഴയം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളും മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**October - November 2023**

- Mary Matha Arts and Science College organized Fr. Francis Njallampuzha Memorial Award for best college Magazine 2023. The first position was awarded to Govt. Brennen College Kannur, second position to Maharajas College Ernakulum and third position to Don Bosco College Angadikadavu.
- Mr. Sinadin Sidan of 3rd year B Com received Kannur University Best NSS Volunteer award 2022-23.
- Ms. Sayoojya P S, Dept. of Mathematics, selected for the Dr. K T Varkey Endowment Award 2022-23, as the best outgoing student.
- Yoga team (Men and Women) of Mary Matha Arts and Science College secured 3rd place in the Kannur University Inter Collegiate Yoga Championship.
- 3rd Semester UG Examination commenced on 14th November 2023.
- List of newly appointed permanent Assistant Professors:

| Sl. No. | Name | Department | Date of Appointment |
|---|---|---|---|
| 1 | Fr. Ajay Antony | Malayalam | 06-11-2023 |
| 2 | Mr. Jince Joseph | English | 08-11-2023 |

- Dept. of Commerce: Conducted a Seminar on the topic 'Commerce: The Big Future' by career coach Mr. Sreelal Sreedharan on 1st November 2023.

  Organized a Two Day National Seminar on the topic "Financial Education for Young Citizen" by the SEBI Trainer Mr. Manu Murali on 7th and 8th of November 2023.

- Dept. of English: A lecture on Research Methodology was conducted on 3rd November 2023. Ms Athira MS (Assistant Professor Kalan College) was the resource person.
  A lecture on Entrepreneurship was conducted on 9th November 2023. Mr Manu Murali ( SEBI Trainer) was the resource person.
- Dept. of Mathematics: Conducted extension activity “Each One Teach One” at Assisi LP School, Cheloor, Kartikulam on 9th November 2023.
- Dept. of Malayalam: Seven day celebration of Malayalam Day was celebrated on 1st to 7th November 2023. Different competitions were conducted, Seminar by VH Nishad, Exibition of Traditional paddy seeds and Honouring Cheruvayal Raman- Reiepent of Patmasree were organized.
- Dept. of Physical Education: Cricket selection trails and intercollegiate preparation camp was organized.
  Kabaddi intercollegiate preparation camp for women team was organized.
- Dept. of Zoology: Organized an awareness class on the topic ‘Uterine Cancer: Vaccine and Beyond’ on 2nd November 2023. Dr. Radha Vijayakrishnan, Jyothi Hospital, Mananthavady was the resource person.
- NCC: Celebrated National Unity day on 31st October 2023.
- Mr Sabu O.J: Completed a Course “Python for Data Science and Machine Learning Bootcamp” in Udemy.
  Coordinated an “Alumni Interaction Series” program on 20th October 2023. Four Students from 2005-2008 B.Sc. Computer Science batch students were the chief guests.
- Mr Binoy Joseph: Delivered a lecture in connection with One Day Seminar on “Applications of Mathematics in Real World and mathematics for Competitive Examinations” at Department of Mathematics, Mahatma Gandhi Govt arts College, Mahe on 3rd November 2023.
- Dr Rajitha Xavior: Presented a Paper in the International

Conference Conducted by IRA on 6$^{th}$ and 7$^{th}$ of November 2023 and Won Best Paper Presentation Award.

Co-ordinated two day National Seminar Conducted by the Commerce Department in Association with SEBI on 7$^{th}$ and 8$^{th}$ of November 2023.

Submitted a project proposal to ICSSR under Research Projects (Major & Minor) Scheme 2023-24.

- Dr Ramya Krishnan M: Submitted a project proposal to ICSSR under Research Projects (Major & Minor) Scheme 2023-24.
- Dr Eldho K J: Attended a Webinar on Four Year Undergraduate Programme (FYUGP) Curriculam Framework Conducted by UGC Malaviya Mission Teacher Training Center, University of Calicut on 06.11.2023

  Acted as a Reviewer to the Journal and Proceedings published for the Inter National Conference on “Paradigm shift of Research in the New Normal Era” organized by CM College of Arts and Science, Nadavayal.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതയുടെ സുവർണ ജൂബിലി വർഷത്തിൽ ഭവനരഹിതരില്ലാത്ത മാനന്തവാടി രൂപതയെന്ന വലിയ ലക്ഷ്യത്തിനൊപ്പം കൈകോർത്തുകൊണ്ട് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി തുടക്കം കുറിച്ച സാന്താ മരിയ ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായി ദ്വാരക എ. യു. പി സ്കൂളിലെ അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും ഒത്തുചേർന്ന് നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമം നിർവഹിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് താക്കോൽ കൈമാറി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

### I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

സുൽത്താൻ ബത്തേരി ഉപജില്ലയിൽ പ്രവർത്തിപരിചയമേള, കലാമേള എന്നിവയിൽ ഓവറോൾ കരസ്ഥമാക്കി. ഭക്ഷ്യമേള സംഘടിപ്പിച്ചു. കേരളപ്പിറവി ദിനം സമുചിതമായി ആഘോഷിച്ചു.

### II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

വിദ്യാലയത്തിലേക്ക് ഉച്ചഭക്ഷണത്തിനാവശ്യമായ വിഭവങ്ങൾ സമാഹരിച്ചു കൊണ്ട് കബ്ബ് ബുൾബുൾ കുട്ടികളുടെ നേതൃത്വത്തിൽ ഉച്ചയൂണൊരുക്കി. കൃഷി പാഠങ്ങൾ പഠിക്കാനും നവീന സാങ്കേതികരീതിയിൽ ഡ്രോൺ ഉപയോഗിച്ച് മൈക്രോ ന്യൂട്രിയന്റ് സ്പ്രേ ചെയ്യുന്നത് കാണാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി. മാനന്തവാടി ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ വിവിധയിനങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. മലയാളഭാഷാദിനം, ശിശുദിനം, കേരളപ്പിറവി എന്നീ ദിനങ്ങൾ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു.

### III എ. എൽ. പി. സ്കൂൾ കണിയാരം

കേരളപ്പിറവി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

## IV സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ

പ്രീപ്രൈമറി കലോത്സവം സംഘടിപ്പിച്ചു. വൈത്തിരി ഉപജില്ലാ പ്രവർത്തിപരിചയമേള, ശാസ്ത്രമേള എന്നിവയിൽ ഓവറോളും ഗണിതശാസ്ത്രമേളയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശിശു ദിനം സമുചിതമായി ആഘോഷിച്ചു.

## V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ

കേരളപ്പിറവി ദിനാഘോഷം സമുചിതമായി നടത്തപ്പെട്ടു. വിദ്യാലയത്തിൽ പച്ചക്കറിത്തോട്ടം നിർമിച്ചു. ശിശുദിനം വിപുല മായി ആഘോഷിച്ചു.

## VI സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ

ലോകഭക്ഷ്യദിനത്തിൽ വിദ്യാർത്ഥികൾ കൊണ്ടുവന്ന വിവിധ തരം പലഹാരങ്ങളുടെ പ്രദർശനവും പങ്കുവെക്കലും നടന്നു. കേരള പ്പിറവി ദിനത്തിൽ വിദ്യാർത്ഥികളുടെ വ്യത്യസ്തങ്ങളായ പരിപാടി കൾ നടത്തപ്പെട്ടു. പ്ലാസ്റ്റിക് മാലിന്യനിർമാർജന പ്രവർത്തനങ്ങളിൽ കുട്ടികൾ ഭാഗഭാക്കുകളായി. ശിശുദിനം സമുചിതമായി ആഘോ ഷിച്ചു.

## VII സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി

ശിശുദിനം കെങ്കേമമായി ആഘോഷിച്ചു. വിദ്യാർത്ഥികൾ ക്കായി വിവിധ മത്സരങ്ങൾ നടത്തി. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും എഴുത്തും വായനയും ലക്ഷ്യമാക്കി അക്ഷരച്ചങ്ങാത്തം മൊഡ്യൂൾ ഉപയോഗിച്ച് ക്ലാസുകൾ നടത്തി വരുന്നു.

## VIII സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ

ക്ലാസ് പി ടി എക്സിക്യുട്ടീവ് വിദ്യാർത്ഥികളുടെ പഠനനില വാരം വിലയിരുത്തി. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. ഉപജില്ലാമേളയിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. ശിശുദിനം വർണാഭമായി ആഘോ ഷിച്ചു.

## IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക

ഗാന്ധിജയന്തി ദിനം വിവിധ പ്രവർത്തനങ്ങളോടെ സമുചിത മായി ആചരിച്ചു . തപാൽ ദിനത്തോടനുബന്ധിച്ചു വീട്ടിലേക്ക് ഒരു

കത്ത് പ്രവർത്തനം നടത്തി. ഇരിട്ടി ഉപജില്ലാ ശാസ്ത്രമേളയിൽ വിദ്യാർത്ഥികൾ ഗ്രേഡുകൾ കരസ്ഥമാക്കി.

**X പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

വിദ്യാർത്ഥികളുടെ ഹരിതസഭയിൽ പങ്കെടുത്തു. ഉപജില്ലാ തല ശാസ്ത്ര മേള, കലാമേള എന്നിവയിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തു.

**XI സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

ഉപജില്ലാ പ്രവർത്തിപരിചയമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി. ശിശുദിനം വിപുലമായി ആഘോഷിച്ചു.

**XII സി. കെ. എൽ. പി സ്കൂൾ മണിമൂളി**

അകാലത്തിൽ പൊലിഞ്ഞുപോയ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിയുടെ ഓർമ്മയ്ക്കായി മാതാപിതാക്കൾ വാട്ടർപ്യൂരിഫയർ സംഭാവന ചെയ്തു. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ശിശുദിന ആഘോഷപരിപാടികൾ വിപുലമായി നടത്തി.

**XIII നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

കബ്ബ് ബുൾബുൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി നവീകരിച്ചു. ജൈവവളനിർമാണം പരിശീലനം നൽകി. കേരളപ്പിറവി, ശിശുദിനം എന്നിവ വ്യത്യസ്ത പരിപാടികളോടെ ആഘോഷിച്ചു. വിദ്യാലയ പരിസരത്ത് തണൽമരങ്ങൾ നട്ടു.

**XIV സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ഇരിട്ടി ഉപജില്ലാ ശാസ്ത്രോത്സവത്തിലും കലാമേളയിലും വിദ്യാർത്ഥികൾ ഗ്രേഡുകൾ കരസ്ഥമാക്കി. കേരളപ്പിറവിദിനം, ശിശുദിനം എന്നിവ സമുചിതമായി ആഘോഷിച്ചു.

**യു. പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

മാലിന്യമുക്തനവകേരളം പദ്ധതിയുടെ ഭാഗമായി സേവന വാരപ്രവർത്തനങ്ങൾ നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

കേരളപ്പിറവി ദിനത്തിൽ ക്വിസ് മത്സരം നടത്തി. ശിശുദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

**III സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

ഗാന്ധിജയന്തിയുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഉപജില്ലാ വിദ്യാരംഗം, കായികമേള, ശാസ്ത്രോത്സവം എന്നിവയിൽ മികച്ച വിജയം കരസ്ഥമാക്കി.

**IV അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

ജില്ലാതല ശിശു ദിനാഘോഷ പരിപാടിയിലേക്ക് കുട്ടികളുടെ പ്രധാനമന്ത്രിയായി നാലാം ക്ലാസ് വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു. ബത്തേരി ഉപജില്ലാശാസ്ത്ര മേളയിൽ 6 വിഭാഗങ്ങളിൽ ഓവറോൾ കിരീടം കരസ്ഥമാക്കി. സംസ്ഥാന സ്കൂൾ ബാഡ്മിന്റൺ മത്സരത്തിലേക്ക് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. വർണോത്സവത്തിൽ വിവിധയിനങ്ങളിൽ വിദ്യാർത്ഥികൾ വിജയികളായി. ജില്ലാതല ടീച്ചേഴ്സ് പ്രൊജക്ടിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി. ഉപജില്ലാ കലോത്സവത്തിൽ വിവിധ വിഭാഗങ്ങളിൽ വിദ്യാലയം ഓവറോൾ നേട്ടവും റണ്ണർ അപ്പ് നേട്ടവും കരസ്ഥമാക്കി.

**V സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

ദേശീയ തപാൽദിനത്തിൽ തപാൽ ജീവനക്കാരെ ആദരിക്കുകയും വിരമിച്ച അധ്യാപകർക്ക് തപാൽ വഴി കത്തുകൾ അയക്കുകയും ചെയ്തു. വിദ്യാലയത്തിൽ SEAS പരീക്ഷ സംഘടിപ്പിച്ചു. കേരളപ്പിറവി ആഘോഷം സംഘടിപ്പിച്ചു. ബത്തേരി ഉപജില്ലാ പ്രവർത്തിപരിചയമേളയിൽ യു പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും എൽ പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും ഗണിതശാസ്ത്ര മേളയിൽ യു പി വിഭാഗത്തിൽ മൂന്നാം സ്ഥാനവും നേടി. ഉപജില്ലാതല കലാമേളയിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. പലഹാരമേള സംഘടിപ്പിച്ചു.

**VI അമ്പായത്തോട് യു. പി സ്കൂൾ**

ഇരിട്ടി ഉപജില്ലാ സംസ്കൃതോത്സവത്തിൽ സെക്കൻഡ് റണ്ണർ

അപ്പും ജനറൽ വിഭാഗത്തിൽ എട്ടാം സ്ഥാനവും കരസ്ഥമാക്കി. ശിശുദിനത്തോടനുബന്ധിച്ചു വിവിധ മത്സരങ്ങൾ നടത്തി.

### VII സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

മലയാളഭാഷാ ദിനാഘോഷവും ഭരണഭാഷ വാരാചരണവും സംഘടിപ്പിച്ചു. ബത്തേരി ഉപജില്ലാശാസ്ത്രോത്സവത്തിൽ ഉന്നത വിജയം കരസ്ഥമാക്കി. രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് നടത്തി. സ്റ്റെ പ്സ് എക്സാം നടത്തി. ശിശുദിനം ആഘോഷിച്ചു. ഉപജില്ലാകലാമേള യിൽ മികച്ച വിജയം കൈവരിക്കുകയും സംസ്കൃതം കലോത്സ വത്തിൽ റണ്ണറപ്പ് നേടുകയും ചെയ്തു.

### VIII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

വിദ്യാലയത്തിൽ ഔഷധസസ്യ ഉദ്യാന നിർമാണം നടത്തി. വിവിധ തലങ്ങളിൽ നടന്ന ക്വിസ്സ്, പ്രസംഗമത്സരങ്ങളിൽ ആദ്യസ്ഥാ നങ്ങൾ നേടി വിദ്യാർത്ഥികൾ വിദ്യാലയത്തിന് അഭിമാനമായി. പൈതൃകം 23 എന്ന പേരിൽ പുരാവസ്തുക്കളുടെയും ചെറുധാന്യ ങ്ങളുടെയും പ്രദർശനം നടത്തി. ഉപജില്ലാ തലശാസ്ത്ര സാമൂഹ്യ ശാസ്ത്ര മേളകളിൽ എൽ പി വിഭാഗത്തിൽ റണ്ണറപ്പ് നേടി.

### IX സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

വൈത്തിരി ഉപജില്ലാ ശാസ്ത്രോത്സവത്തിനു വിദ്യാലയം വേദിയായി. യു. പി. വിഭാഗം ശാസ്ത്രമേളയിൽ ഓവറോളും സാ മൂ ഹ്യ ശാസ്ത്രമേളയിൽ രണ്ടാം സ്ഥാനവും എൽ പി വിഭാഗത്തിൽ പ്രവർ ത്തിപരിചയമേള സാമൂഹ്യശാസ്ത്രമേള എന്നിവയിൽ രണ്ടാം സ്ഥാനവും വിദ്യാലയം കരസ്ഥമാക്കി. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പ സിന് തുടക്കമാവുകയും ഹരിതസഭ രൂപീകരിക്കുകയും ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറിത്തോട്ടം നിർ മ്മിച്ചു.പലഹാരമേള സംഘടിപ്പിച്ചു. ശിശുദിനാഘോഷവു മായി ബന്ധപ്പെട്ട വർണോത്സവം മത്സരത്തിൽ വിവിധയിനങ്ങ ളിൽ വിജയികളായി. LSS, USS പരിശീലനം ആരംഭിച്ചു.

### X സെന്റ് സെബാസ്ററ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

ബത്തേരി ഉപജില്ലാതല സയൻസ് ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനവും കായികമേളയിൽ ഹൈജമ്പ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടി. ഉപജില്ലാതല സംസ്കൃതോത്സവത്തിൽ ഒന്നാം

സ്ഥാനം കരസ്ഥമാക്കി. ശിശുദിനം മാതൃകാപരമായി ആഘോഷിച്ചു. ശുചിത്വമിഷന്റെ ഭാഗമായി ഹരിതസഭയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

## XI എ. യു. പി സ്കൂൾ ദ്വാരക

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സാന്താ മരിയ ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. ഹോമിയോ മെഡിക്കൽ ക്യാമ്പും രക്തനിർണയവും സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി സൈക്ലിംഗ് പരിശീലനം ആരംഭിച്ചു. പെൺകുട്ടികൾക്കായി തയ്യൽ പരിശീലനം ആരംഭിച്ചു. ശിശുദിനം വിപുലമായി ആചരിച്ചു.

## XII ടി. ടി. ഐ മാനന്തവാടി

ഡി എൽ എഡ് വിദ്യാർത്ഥികൾക്കായി ക്യാമറയുടെ കല എന്ന പേരിൽ ശില്പശാല നടത്തി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി കൂട്ടുകാർക്ക് നിത്യോപയോഗ സാധനങ്ങൾ നൽകി. പലഹാരമേള സംഘടിപ്പിച്ചു. വിദ്യാരംഗം സർഗോത്സവത്തിൽ റണ്ണറപ്പ് കിരീടം നേടി. പ്രീ പ്രൈമറി കലോത്സവം നടത്തി. ശിശു ക്ഷേമസമിതിയുടെ വിവിധ മത്സരങ്ങളിൽ വിജയം കൈവരിച്ചു. ധാന്യമേള നടത്തി. ഉപജില്ലാശാസ്ത്രമേളയിൽ മികച്ച വിജയം നേടി.

## XIII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്

ഗാന്ധിജയന്തിദിനാഘോഷവും ശുചീകരണവാരവും സംഘടിപ്പിച്ചു. വിദ്യാലയത്തിൽ ഭക്ഷ്യദിനാചരണം സംഘടിപ്പിച്ചു. ഉപജില്ലാ ശാസ്ത്രോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കി. മലയാളഭാഷാദിനാചരണവും സംഘടിപ്പിച്ചു.

## ഹൈസ്കൂൾ വിഭാഗം

## I ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ നടന്നു വരുന്നു. മാനന്തവാടി ഉപജില്ലാ വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാലയം റണ്ണേഴ്സ് അപ്പ് കിരീടം നേടി. ശാസ്ത്രോത്സവത്തിൽ പ്രവർത്തിപരിചയമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പും ശാസ്ത്ര ഗണിത സാമൂഹ്യശാസ്ത്രമേളകളിൽ റണ്ണേഴ്സ് കിരീടവും നേടാൻ സാധിച്ചു. ഏഷ്യ ഓഷ്യാനിയ ചാമ്പ്യൻ

ഷിപ്പിൽ മത്സരിക്കാൻ വിദ്യാർത്ഥി അർഹത നേടി. സ്കൂൾ ഫിലിം ക്ലബ്ബ് രൂപീകരിക്കുകയും NCC കേഡറ്റുകളുടെ എൻറോൾമെൻറ് നടത്തുകയും ചെയ്തു.

**II സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വൈത്തിരി ഉപജില്ലാതല ഗണിതശാസ്ത്ര, ഐടി, പ്രവർത്തി പരിചയമേള എന്നിവയിൽ യു പി വിഭാഗത്തിൽ ഓവറോളും ശാസ്ത്ര മേളയിൽ രണ്ടാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ശാസ്ത്ര മേളയിൽ ഒന്നാം സ്ഥാനവും ഗണിതശാസ്ത്ര പ്രവർത്തി പരിചയമേളയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഐ ടി വിഭാഗം മത്സരങ്ങളിൽ ഏറ്റവുമധികം പോയിന്റ് നേടി ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചു.ജില്ലാ തലശാസ്ത്രോത്സവത്തിൽ വിവിധ മേളകളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ വിജയം നേടി.

**III സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

മാനന്തവാടി ഉപജില്ലാഗണിതശാസ്ത്രമേളയിൽ എൽ പി വിഭാഗത്തിൽ റണ്ണേഴ്സ് അപ്പ് കിരീടം കരസ്ഥമാക്കി. ഉണർവ് എന്ന പേരിൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ബോധ വത്കരണക്ലാസ്സ് നടത്തി. ശിശുദിന ആഘോഷപരിപാടികൾ വിപുലമായി നടത്തി. പോഷകാഹാരബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**IV ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ഹൈസ്കൂൾ ചെസ്സ് മത്സരത്തിൽ നാലാം സ്ഥാനം നേടി. മാത്സ് ടാലന്റ് സേർച്ച് പരീക്ഷയിലും ക്വിസ്സിലും മൂന്നാം സ്ഥാനം നേടി. ICT ടീച്ചിങ് എയ്ഡ് മത്സരത്തിൽ അദ്ധ്യാപിക രണ്ടാം സ്ഥാനം നേടി. ഉപജില്ലാതലഗണിതശാസ്ത്രമേളയിലും ഐടി മേളയിലും റണ്ണർ അപ്പ് കിരീടവും ശാസ്ത്രമേളയിൽ ഫസ്റ്റ് റണ്ണർ അപ്പ്കിരീടവും നേടി. വിദ്യാർത്ഥികൾക്കായി പ്ലാനറ്റോറിയം ഷോ ക്രമീകരിച്ചു. ഉപജില്ലാ തല കായികമേളയിൽ വിദ്യാലയം അഞ്ചാം സ്ഥാനം നേടി. ഉപജില്ലാതല കലാമേളയിൽ വിദ്യാർ ത്ഥികൾ മികവുകൾ തെളിയിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർ ത്ഥികൾ സമാഹരിച്ച തുക ഭവന നിർമാണ ഫണ്ടിലേക്ക് കൈമാറി.

**V നിർമല ഹൈസ്കൂൾ കബനിഗിരി**

ഗാന്ധിജയന്തി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഉപജില്ലാകായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. പോലീസ് വകുപ്പും അധ്യാപകരും കുട്ടികളുമൊരുമിച്ചു കോളനികളിൽ സന്ദർശനം നടത്തി.

**VI സി. കെ. എച്ച്. എസ്. മണിമൂളി**

വിദ്യാലയത്തിൽ രക്തനിർണയ ക്യാമ്പ് സംഘടിപ്പിച്ചു. ഉപജില്ലാ തലമേളയിൽ ഐടി വിഭാഗത്തിൽ ഓവറോളും ശാസ്ത്രം , ഗണിത, എന്നിവയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**VII അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സംസ്ഥാന സബ് ജൂനിയർ ഷോട്ട് പുട്ട് മത്സരത്തിൽ വിജയിയായ വിദ്യാർത്ഥിയ്ക്ക് സ്വീകരണം നൽകി. ബത്തേരി ഉപജില്ലാ ഗണിത ഐ ടി മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പും ശാസ്ത്രം, സോഷ്യൽ സയൻസ് പ്രവർത്തി പരിചയ മേളകളിൽ റണ്ണർ അപ്പ് വിജയവും കരസ്ഥമാക്കി.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

സ്കൗട്ട് ആൻഡ് ഗൈഡ്, ജെ ആർ സി എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു. സ്നേഹവീട് നിർമ്മാണം ആരംഭിച്ചു. ശിശുദിനം വിപുലമായി ആഘോഷിച്ചു.

**IX സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

മാനന്തവാടി ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ വിവിധ വിഭാഗങ്ങളിൽ മികച്ച വിജയം നേടി. ഉപജില്ലാതല കായികമേള, വിദ്യാരംഗം, കലോത്സവ് എന്നിവയിൽ മികച്ച നേട്ടം കൈവരിച്ചു. ജെ. ആർ. സി. ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. സംസ്കൃത സ്കോളർഷിപ്പിൽ ഉപജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. ഉപജില്ലാ തല ജൂഡോ ചാമ്പ്യൻഷിപ്പ്, സംസ്ഥാനതലകരാട്ടെ കേരള അസോസിയേഷൻ ചാമ്പ്യൻഷിപ്പ് എന്നിവയിൽ വിജയം കൈവരിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പച്ചക്കറിതോട്ടം നിർമിച്ചു. പത്താം ക്ലാസ് കുട്ടികൾക്കായി പ്രത്യേക പരിശീലനം ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി ഗൈഡൻസ് ക്ലാസ് നടത്തി.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

വിദ്യാലയത്തിലെ NSS, സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനാചരണം നടത്തി. ഉപജില്ല കലാമേളയിൽ വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു. ജില്ലാതലത്തിലേക്ക് സെലക്ഷൻ നേടി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

സംസ്ഥാനകായികമേളയിൽ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. ജില്ലാതലമേളകളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിലേക്ക് സെലക്ഷൻ ലഭിച്ചു. കരിയർ ഗൈഡൻസിന്റെ ആഭിമുഖ്യത്തിൽ ശില്പശാല സംഘടിപ്പിച്ചു. സ്കൂൾ പാർലമെന്ററി തിരഞ്ഞെടുപ്പ് നടത്തി. സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ ക്യാമ്പ് നടത്തി. വിദ്യാർത്ഥികൾക്കായി വിവിധ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു. സൗജന്യ നേത്ര പരിശോധന തിമിര നിർണായ ക്യാമ്പ് നടത്തി.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ഉപജില്ലാ ജില്ലാതല കായിക ശാസ്ത്രമേളകളിൽ മികച്ച വിജയം കൈവരിച്ചു. പ്രവർത്തിപരിചയമേളയിൽ ഉപജില്ലയിൽ റണ്ണേഴ്സ് അപ്പ് നേട്ടം കൈവരിച്ചു. വിദ്യാർത്ഥികൾക്കായി ലീഗൽ ലിറ്ററസി ക്ലാസ്'സാമ്പത്തിക സുരക്ഷാ ബോധവത്കരണക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു.

**V ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാർത്ഥികൾ ഉപജില്ലാ ജില്ലാതല മേളകളിൽ മികച്ച വിജയം കരസ്ഥമാക്കി. പ്ലസ് ടു വിഭാഗം വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. NSS ന്റെ ആഭിമുഖ്യത്തിൽ പൂന്തോട്ടനിർമാണം നടത്തി. ഉപജില്ലാ ജില്ലാതല മേളകളിൽ വിവിധയിനങ്ങളിൽ തങ്ങ

ളുടെ സർഗ്ഗവൈഭവങ്ങളുടെ, ശാസ്ത്ര കൗതുകങ്ങളുടെ മികവാർന്ന പ്രകടനങ്ങൾ കാഴ്ചവെച്ച് അഭിമാനകരമായ നേട്ടങ്ങളിലൂടെ വിദ്യാലയങ്ങളുടെ യശസ്സുയർത്തിയ വിദ്യാർത്ഥികൾക്കും അവർക്ക് പരിശീലനങ്ങൾ നൽകിയ അധ്യാപകർക്കും പിന്തുണയുമായി കൂടെ നിന്ന രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**

കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**December 2023**

1 Friday:.............Tellicherry: Provincial Meeting
2 Saturday:.........Meeting of the History Committee
4 Mon - 6 Wed:..Palarivattom: KCBC,
9 Saturday:........ Dwaraka: Mathruvedi Anniversary
11 Wednesday:... AKCC Athijeevana Yatra Inauguration
16 Saturday:...... Mary Matha College Governing Body Meeting
17 Sunday:......... Kalpetta: Ecumenical Christmas Celebration
21 Thu -24 Sun:..Visitors' Day
25 Sunday:........ Cathedral: Christmas
26 Tuesday:...... Mullenkolly: Ordination of Deacon Emmanuel Nellimalayil & Deacon Emmanuel Kandathinkara
27 Wednesday:...Nadavayal: Ordination of Deacon Louis Thuruthiyil
28 Thursday:..... Chungakunnu: Ordination of Deacon Rony Manchuvally VC, Deacon Sebastian Chennakkattukunnel OCD & Deacon Albin Munjanattu MI
30 Saturday:.......Chennalode: Ordination of Deacon Libin Kalappurackal CST
31 Sunday:........ Nadavayal: Conclusion of Parish Jubilee

**January 2024**

1 Monday:......... Kalpetta: Ordination of Deacon Jude Vattukunnel & Deacon Thomas Manthrickal
5 Frid - 6 Sat:.... Engaged
8 Mon- 13 Sat:... Kakkanad: Syro Malabar Bishops' Synod
17 Wednesday:...Manvayal: Jubilee: Religious Sangamam

18 Thursday:.....Vakery: Ordination of Deacon Abinu Bernard
Kurumbalakkattu PSDP

20 Saturday:.....Panamchira: Altar blessing

22 Monday:..... Pulpally: Blessing of MSMI Ayurveda Hospital

25 Thursday:.. Thavinjal: Blessing of the newly built church

27 Sat -29 Mon:Kalayanthany: 75th Anniversary of School

31 Wednesday:..Bangalore: CBCI

# Auxiliary Bishop's Programme



**December 2023**

01 Friday:.............. Thalassery: Provincial Curia Meeting

03 Sun- 06 Wed:.....KCBC

09  Saturday:......... Dwaraka:Catechism HM Conference

13 Wednesday:...... Kunnoth: Good Shepherd Major Seminary

17 Sunday:.............Kalpetta: Ecumenical Christmas

18 Monday:............Kakkanad: Meeting

21-24:......................Visitors Day

22 Friday:.............. De Paul School Kalpetta:
Christmas Celebration

25 Sunday:.............Kalluvayal: Christmas Mass

27 Wednesday:...... Kottathara:
Ordination Dn Nibin Mundunadackal CMI &
Dn. Amal Moonnumackal VC

28 Thursday:..........Palankara: Ordination Dn Anet Kochumalayil

29 Friday:...............Alakode:
Ordination Dn Linto Areekuzhiyil MCBS

30 Saturday:...........Theneri: Ordination Dn Amal Mulangattil

31 Sunday:............. Valiyakolly: Parish Feast &
First Holy Communion

**January 2024**

03 Wednesday:...... Paralikkunnu: Ordination
Dn Arun Thomas Maria Perukil SDV

04 Thursday:.........Nelliyody: Morning:
Ordination Dn Jubin Maria Kallidayil SDV

Afternoon Nellickampoyil: Samarpithasangamam

05 Friday:..............Bekki: Jubilee

06 Saturday:.........Morning: Pattanikuppu: Feast

Afternoon:........... Payyampally: School Anniversary

07 Sunday:............Mullenkolly: Feast

08 Mon: 13 Sat:....Kakkanad: Synod

14 Sunday:.......... Arattuthara: Feast

15 Monday:..........Chundakkara: Mass & Blessing

16 Tuesday:......... Kaniyaram: School Anniversary

17 Wednesday:......Kunnoth: Good Shepherd Major Seminary

18 Thursday:.........Cherukattoor: Jubilee

19 Friday:.............Kottiyoor: Feast

20 Saturday:......... Morning: Vazhavatta: Feast

Afternoon: Kenichira: Feast

21 Sunday:.......... Madathil: Feast

24 Wednesday:.....Pathenpara

25 Thursday:....... Payyampally: Feast

26 Friday:.............Thariode: Feast

27 Saturday:.........Karackamala: Feast

28 Sunday:.......... Morning: Edappetty: Feast

Afternoon:........... Kurumbala: Feast

30 Tue - February 05 Monday: CBCI Meeting